VOL NO: 05 I ISSUE 40
www.nerpatham.com
mail@nerpatham.com
2021 OCTOBER 09 I ₹12

# നേർപഥം

വാരിക

CONSEQUENTIALISM, DEONTOLOGY, ISLAM

# അനന്തരഫല സിദ്ധാന്തം, നീതിശാസ്ത്രം, ഇസ്‌ലാം

ധാർമികമായി ശരിതെറ്റുകൾ നിർണയിക്കാനുള്ള മാനദണ്ഡം കർമം മാത്രമല്ല, അതിന്റെ അനന്തരഫലങ്ങൾ കൂടിയാണ് എന്നതാണ് ശരിയായ വീക്ഷണം. എന്നാൽ ലിബറൽ ഫിലോസഫിയുടെ യുക്തിവാദ മൂശയിൽ ഇത്തരം പരികൽപനകൾക്കൊന്നും യതൊരു പ്രസക്തിയുമില്ല. വ്യക്തിസ്വാതന്ത്ര്യം, മൂല്യം പോലുള്ള കാഞ്ചനക്കൂട്ടിൽ തളച്ചിട്ടതാണവരുടെ നൈതികസങ്കൽപം.

- ലൈക്ക് ആഗ്രഹിക്കുന്നവരോട്

- അദൃശ്യജ്ഞാനത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ
- മിഡിൽ ഈസ്റ്റ് തീവ്രവാദത്തിന് തുടക്കം കുറിച്ചതാര്?
- മോൻസന്റെ സെൻസും ഉന്നതരുടെ നോൺ സെൻസും

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437




# നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ

**ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / വില: ₹ 60**

നമസ്കാരത്തിൽ വിശ്വാസികൾ നിർവഹിക്കുന്ന ദിക്റുകളുടെയും പ്രാർഥനകളുടെയും അർഥം അറിയുക എന്നത് നമസ്കാരത്തിലെ ഭക്തിയുടെ അളവിൽ വർധനവുണ്ടാക്കും എന്നതിൽ സംശയമില്ല. അതിനുപകരിക്കുന്ന ഒരു കൃതിയാണിത്. രണ്ടാം പതിപ്പിൽ ചില അധ്യായങ്ങൾ ചേർത്തിട്ടുണ്ട്. അബ്ദുൽ ഹഖ് സുല്ലമിയുടെ അവതാരിക ഇതിനെ പ്രൗഢമാക്കുന്നു. നമസ്കാരത്തിലെ പ്രധാന പ്രാർഥനകളുടെയും ദിക്റുകളുടെയുമെല്ലാം അർഥങ്ങൾ സാധാരണക്കാർക്ക് ഗ്രാഹ്യമാവുന്ന രീതിയിൽ ഇതിൽ വിവരിച്ചിട്ടുണ്ട്.

0246

നേർപഥം
വാരിക

2021 ഒക്ടോബർ 09
1442 റബീഉൽ അവ്വൽ 02
പുസ്തകം 05 / ലക്കം 40

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






10
# അനന്തരഫല സിദ്ധാന്തം, നീതിശാസ്ത്രം, ഇസ്‌ലാം
ശാഹുൽ പാലക്കാട്

05
**മുഖമൊഴി**
മോൻസന്റെ സെൻസും ഉന്നതരുടെ നോൺ സെൻസും
എഡിറ്റർ

06
**ലേഖനം**
അദൃശ്യജ്ഞാനത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ
ഉമർകോയ മദീനി

16
**ലേഖനം**
ലൈക്ക് ആഗ്രഹിക്കുന്നവരോട്
ഡോ. ടി.കെ യൂസുഫ്

18
**ചരിത്രപഥം**
ഉഹ്ദിലെ പരാജയ കാരണങ്ങൾ
ഹുസൈൻ സലഫി, ഷാർജ

24
**ലേഖനം**
മിഡിൽ ഈസ്റ്റ് തീവ്രവാദത്തിന് തുടക്കം കുറിച്ചതാര്?
അബ്ദുർറഹ്മാൻ അബ്ദുല്ലത്വീഫ് പി.എൻ

26
**ലേഖനം**
സ്വാതന്ത്ര്യം: അർഥവും ആശയവും
സുഫ്‌യാൻ അബ്ദുസ്സലാം

30
**വിവർത്തനം**
ആരാധനകൾക്ക് ഒരാമുഖം
ശമീർ മദീനി

33
**നമുക്ക് ചുറ്റും**
പ്രണയക്കുരുതിയുടെ കാരണം കണ്ടെത്തി ചികിത്സിക്കണം
ടി.കെ.അശ്‌റഫ്

34
**കവിത**
വീട് പൊളിക്കുമ്പോൾ
ഉസ്മാൻ പി എച്ച്, തിരുവിഴാംകുന്ന്

ചലനങ്ങൾ

# പുരാവസ്തുവിൽ ആത്മീയത അവകാശപ്പെടുന്നവർക്കെതിരെ അന്വേഷണം വേണം: വിസ്ഡം യൂത്ത്

കണ്ണൂർ: വ്യാജനിർമിതികളെ പുരാവസ്തുംക്കളെന്ന് അവകാശപ്പെട്ട് ആത്മീയ ചൂഷകർ നടത്തുന്നതട്ടിപ്പുകൾ ഓരോന്നായി പുറത്ത് വരുന്ന ഈ സാഹചര്യത്തിൽ അന്വേഷണം മോൻസൻ മാവുങ്കലിൽ മാത്രം പരിമിതപ്പെടുത്തരുതെന്നും എല്ലാ പുരാവസ്തു തട്ടിപ്പുകളും അന്വേഷിക്കണമെന്നും വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച നേതൃപാഠശാല ആവശ്യപ്പെട്ടു.

ചരിത്ര പ്രാധാന്യമുള്ള പുരാവസ്തുക്കൾ ആ രാജ്യത്തിന്റ പൊതുസ്വത്തായിരിക്കെ സ്വകാര്യമായി കൈകാര്യം ചെയ്യാൻ നിയമപാലകർപോലും കൂട്ടുനിൽക്കുന്നതിൽ ദുരൂഹതയുണ്ട്.

പ്രവാചകശേഷിപ്പുകൾ ലഭിക്കാൻ യാതൊരു സാധ്യതയുമില്ലെന്നിരിക്കെ ഡിഎൻഎ പരിശോധനയടക്കം സാധ്യമായ ഈ യുഗത്തിലും പ്രവാചകകേശമെന്നവകാശപ്പെട്ട് വിശ്വാസികൾക്കിടയിൽ തെറ്റിദ്ധാരണകൾ പ്രചരിപ്പിച്ച് സാമ്പത്തിക നേട്ടമുണ്ടാക്കാൻ ശ്രമിച്ചവരടക്കം കേരളത്തിൽ ആത്മീയ വാണിഭം നടത്തുമ്പോൾ അധികാരികൾ നിസ്സംഗരാവുകയാണ്.

സാംസ്കാരിക ഔന്നത്യം അവകാശപ്പെടുമ്പോഴും മലയാളമണ്ണിൽ ഇത്തരം തട്ടിപ്പുകാരുടെ കെണിയിൽ ഉന്നതർ പെടുന്നത് കൗതുകമുണ്ടാക്കുന്നു. നിഷ്പക്ഷമായ അന്വേഷണങ്ങളിലൂടെയും സത്യസന്ധമായ നിലപാടിലൂടെയും സർവ തട്ടിപ്പുകളും പുറത്ത് കൊണ്ടുവരാൻ അധികാരികൾ തയ്യാറാകണം.

ആശയ പ്രചാരകരുടെ സ്വാതന്ത്ര്യത്തിന് അനാവശ്യ വിലങ്ങുകൾ തീർക്കുകയും ഇത്തരം ആത്മീയ ചൂഷകരുടെ കാവൽക്കാരാവുകയും ചെയ്യുന്നതിൽ നിന്ന് നേതാക്കളും ഭരണകൂടവും നിയമപാലകരും സാംസ്കാരിക നായകരും മാറിനിൽക്കുകയാണ് വേണ്ടതെന്നും നേതൃസംഗമം അഭിപ്രായപ്പെട്ടു.

വിസ്ഡം യൂത്ത് സംസ്ഥാന വൈസ് പ്രസിഡന്റ് മുജീബ് ഒട്ടുമ്മൽ മീറ്റ് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ വൈസ് പ്രസിഡന്റ് റാഷിദ് സ്വലാഹി പ്രാർഥനാ പഠനം അവതരിപ്പിച്ചു. രൂപരേഖ ചർച്ചക്ക് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി യു. മുഹമ്മദ് മദനി നേതൃത്വം നൽകി. സംസ്ഥാന സെക്രട്ടറി അബ്ദുല്ല ഫാസിൽ അധ്യക്ഷത വഹിച്ചു. കണ്ണൂർ ജില്ലാ പ്രസിഡന്റ് മേമി.വി സ്വാഗതം പറഞ്ഞു. കാസറഗോഡ് ജില്ലാ പ്രസിഡന്റ് അബ്ദുറഹ്മാൻ, കണ്ണൂർ ജില്ലാസെക്രട്ടറി മുഹമ്മദ് ഷബീർ എം.കെ എന്നിവർ സംസാരിച്ചു.


## സ്കൂൾ ഓഫ് ഖുർആൻ ബ്രാഞ്ചുകൾക്ക് അപേക്ഷ ക്ഷണിച്ചു

ജാമിഅ അൽ ഹിന്ദിന്റെ ആഭിമുഖ്യത്തിൽ വ്യതിരിക്തമായ കാഴ്ചപ്പാടോടുകൂടി രൂപകൽപന ചെയ്തതും 2014 മുതൽ വിജയകരമായി പ്രവർത്തിക്കുന്നതുമായ സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം.

ഒന്നാം ക്ലാസിൽ ആരംഭിച്ച് ബിരുദാനന്തര ബിരുദത്തോടെ കോഴ്സ് പൂർത്തീകരിക്കുന്ന തരത്തിൽ തയ്യാറാക്കിയ 17 വർഷത്തെ സമഗ്ര പഠന സംവിധാനമാണ് സ്കൂൾ ഓഫ് ഖുർആൻ.

2022 ജൂൺ ഒന്നിന് ആറര വയസ് കവിയാത്തവരും 22-23 അധ്യയന വർഷത്തിൽ സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്നവരുമായ വിദ്യാർഥി വിദ്യാർഥിനികൾക്കാണ് പ്രവേശനം നൽകുക.

ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും സെന്റർ വഴിയും ബാക്കിയുള്ള ദിവസങ്ങളിൽ ഓൺലൈനിലൂടെയുമാണ് പഠനം ക്രമീകരിച്ചിരിക്കുന്നത്.

അഞ്ചുവർഷം പ്രാദേശിക കേന്ദ്രങ്ങൾ വഴിയും അടുത്ത അഞ്ച് വർഷം റസിഡൻഷ്യൽ ക്യാമ്പസ് വഴിയുമാണ് ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുന്നത്.

ഖുർആൻ, ഇസ്‌ലാമിക് സ്റ്റഡീസ് എന്നിവയിൽ അവഗാഹം നേടുന്നതോടൊപ്പം സി.ബി.എസ്.ഇ സിലബസിൽ ഉന്നത വിജയം നേടാനും അഞ്ച് ഭാഷകൾ സ്വായത്തമാക്കാനും ഹാഫിളാവാനും കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് കരിക്കുലത്തിലെ രണ്ടാം ഘട്ടം പ്ലാൻ ചെയ്തിട്ടുള്ളത്.

ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയോടൊപ്പം മത-സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ തികഞ്ഞ കാഴ്ചപ്പാട് രൂപീകരിക്കുന്ന തരത്തിലാണ് ബാക്കിയുള്ള മൂന്ന് ഘട്ടങ്ങൾ.

നിങ്ങളുടെ ജില്ലയിലെ ഏതെങ്കിലും മണ്ഡലത്തിലോ ശാഖയിലോ സെന്റർ തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗൂഗിൾ ഫോം വഴി അപേക്ഷ നൽകുക.

**റജിസ്ട്രേഷൻ ലിങ്ക്:** https://forms.gle/xFobkHpaiG2BoEd88

**വിശദ വിവരങ്ങൾക്ക്:** 9995588317, 9072646000

**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി:** നവംബർ 25

Office: School of Qur'an, Jamia Al-Hind
Al-Islamiyya, Jamia Campus, Mini Ootty - Oorakam
www.schoolofquran.in, mail@schoolofquran.in

മുഖമൊഴി

# മോൻസന്റെ സെൻസും ഉന്നതരുടെ നോൺ സെൻസും

**മോ**ൻസൻ മാവുങ്കൽ എന്ന വ്യക്തിയാണ് ഇപ്പോൾ മാധ്യമങ്ങൾ ആഘോഷിക്കുന്ന താരം. മലയാളികൾ ഒന്നടങ്കം അയാളുടെ ചെയ്തികൾ കേട്ടും വായിച്ചും അറിഞ്ഞ് മൂക്കത്തു വിരൽ വെച്ച് പറയുന്നു; 'യെവൻ പുലിയാണ് കെട്ടാ...!' മോൻസൻ തന്നെ പറയുന്നു 'മോൻസൻ ആരാ മോൻ' എന്ന്!

മനുഷ്യാരംഭം മുതലുള്ള പ്രധാനപ്പെട്ട പുരാവസ്തുക്കൾ തന്റെ കയ്യിലുണ്ടെന്ന് വെറുതെ പറയുക മാത്രമല്ല മോൻസൻ ചെയ്തിരിക്കുന്നത്, അവയെല്ലാം 'ആധുനിക'മായി നിർമിച്ച് 'പുരാതന'മാക്കി മാറ്റി, ഒരു മ്യൂസിയമുണ്ടാക്കി അതിൽ പ്രദർശിപ്പിക്കുകയും ചെയ്തിരിക്കുന്നു!

നീതിയും ന്യായവും മനസ്സാക്ഷിയും ദൈവചിന്തയും ഇല്ലാത്തവർ പണമുണ്ടാക്കുവാൻ തന്ത്രവും കുതന്ത്രവുമൊക്കെ പുറത്തെടുത്ത് എന്തു വൃത്തികെട്ട കളിയും കളിക്കും. കള്ളം പറഞ്ഞും വഞ്ചന കാണിച്ചും തട്ടിപ്പു നടത്തിയും കാശുണ്ടാക്കും. ആധുനിക കാലത്ത് ആധുനിക സാങ്കേതിക വിദ്യകളും ആധുനിക മാധ്യമങ്ങളും അതിനായി ഉപയോഗപ്പെടുത്തുകയും ചെയ്യും.

എന്നാൽ ഇത്തരം എട്ടുകാലികളുടെ വലയിൽ ചെന്നുചാടുന്ന, വിവരവും വിദ്യാഭ്യാസവുമുള്ള അതിലുപരി ഉന്നത ഉദ്യോഗങ്ങളിൽ വിരാജിക്കുന്നവരുമായ സാറൻമാരുടെയും സെലിബ്രിറ്റികളുടെയും കാര്യമോ? അവർ കെണിയെന്നറിയാതെ മോൻസന്റെ വലയ്ക്കകത്ത് വീണതാണോ, അതോ വലയുടെ നടുവിൽ പതിയിരിക്കുന്ന എട്ടുകാലിക്ക് ലഭിക്കുന്നതിലെ പങ്കുപറ്റാൻ കയറിക്കൂടിയവരാണോ? സംഗതിയുടെ നിജസ്ഥിതി സത്യസന്ധമായ അന്വേഷണത്തിലൂടെ പുറത്തുകൊണ്ടുവരേണ്ടതുണ്ട്. എന്നാൽ പൂച്ചക്ക് മണികെട്ടാൻ ധൈര്യമുള്ള എലികളുണ്ടോ എന്നതാണ് പ്രശ്നം.

ഇന്നലെവരെ കേരള പോലീസിന്റെ മേധാവിയും നിലവിൽ കൊച്ചി മെട്രോ എംഡിയുമായ ലോക്നാഥ് ബെഹ്റക്ക് മോൻസനുമായുള്ള അടുത്ത ബന്ധം പുറത്തായിക്കഴിഞ്ഞു. മോൺസൻ അറസ്റ്റിലായതോടെ ബെഹ്റ അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്. ബെഹ്റയും എഡിജിപി മനോജ് എബ്രഹാമും മോൻസന്റെ പുരാവസ്തു ശേഖരത്തിലെ സിംഹാസനത്തിൽ ഇരിക്കുന്ന ചിത്രം വ്യാപകമായി പ്രചരിച്ചിട്ടുണ്ട്. ഇവരുടെ തണലിൽ മോൻസൻ പല കളികളും കളിച്ചിരിക്കാൻ സാധ്യതയുണ്ടെന്ന് വ്യക്തം.

ആദാമും ഹവ്വയും തിന്ന ആപ്പിളുണ്ടായ മരത്തിന്റെ കുറ്റിയും ശ്രീകൃഷ്ണൻ വെണ്ണയെടുത്ത് തിന്ന ഉറിയും പാത്രവും മോശെയുടെ അംശവടിയും മുഹമ്മദ് നബി ﷺ സ്വകരങ്ങളാൽ നിർമിച്ച വിളക്കുമൊക്കെ തന്റെ കൈവശമുണ്ടെന്നു പറഞ്ഞ് കാണിച്ചുകൊടുത്താൽ അത് അപ്പടി ഒരാൾ വിശ്വസിക്കണമെങ്കിൽ ആ തലയിലെ തലച്ചോർ എത്ര 'പുരാതന'മായിരിക്കും എന്ന് ചിന്തിച്ചുപോകുകയാണ്.


രണ്ടേമുക്കാൽ ലക്ഷം കോടി രൂപ തനിക്ക് ലഭിക്കാനുണ്ട്, നിയമത്തിന്റെ നൂലാമാലയിൽ കുടുങ്ങിയതിനാൽ അത് കയ്യിൽ കിട്ടാൻ താമസമുണ്ട്, അതിനായി ഇത്ര കോടി രൂപയുടെ ആവശ്യമുണ്ട് എന്നു പറഞ്ഞ്, സഹായിച്ചാൽ ഇരട്ടിയിലേറെ തിരിച്ചുതരാം എന്നൊക്കെ പറഞ്ഞ് ചില രേഖകൾ കാണിച്ചുകൊടുത്താലുടൻ കോടികൾ നൽകി അതിലേറെ തിരിച്ചുകിട്ടുമെന്ന വാഗ്ദാനത്തിൽ വിശ്വസിക്കുന്ന കോടീശ്വരന്മാർ അത്രക്കും വിവരംകെട്ടവരാണോ?

ഇതൊക്കെ ഒന്നാംതരം ഉഡായിപ്പും തട്ടിപ്പും വ്യാജവുമാണെന്ന് അറിഞ്ഞുതന്നെയാണ് ഈ ഉന്നതന്മാർ മോൻസന്റെ ആലയത്തിലേക്ക് പോയത്, അവർക്ക് വേണ്ടതെല്ലാം അവിടെ കിട്ടുമായിരുന്നു എന്നതിനാൽ ചെന്നതാണ് എന്നൊക്കെയുള്ള ആരോപണത്തെ അങ്ങനെയങ്ങ് തള്ളിക്കളയാനാകുമോ?

വമ്പൻ സ്രാവുകളും കൊമ്പൻ തിമിംഗലങ്ങളും ഈ വിഷയത്തിൽ കണ്ണികളായതിനാൽ കേസിന്റെ ഗതി കാത്തിരുന്നു കാണാം. മലയാളിയുടെ ധനത്തോടുള്ള അത്യാർത്തി അവന്റെ പ്രബുദ്ധതയെ തോൽപിക്കുംവിധം വർധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് വർത്തമാനകാലത്തെ പല സംഭവങ്ങളും വ്യക്തമാക്കുന്നത്.

ലേഖനം

ഉമർകോയ മദീനി
mail@nerpatham.com



# അദൃശ്യജ്ഞാനത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ

മനുഷ്യദൃഷ്ടിയിൽനിന്നും ബുദ്ധിയിൽനിന്നും മറഞ്ഞിരിക്കുന്ന ഭാവി, ഭൂത, വർത്തമാന കാലങ്ങളിലുള്ള മുഴുവൻ വിഷയങ്ങളെയുമാണ് അദൃശ്യജ്ഞാനം (ഇൽമുൽ ഗൈബ്) എന്നതുകൊണ്ട് അർഥമാക്കുന്നത്. അവയെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന്റെ മാത്രം പ്രത്യേകതയാണ്.

അല്ലാഹു പറയുന്നു: "പറയുക; ആകാശഭൂമികളിലുള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല. അല്ലാഹുവല്ലാതെ" (അന്നംല് 65).

"ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യജ്ഞാനം അവനാണുള്ളത്" (അൽകഹ്ഫ് 62).

"അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവനും മഹാനും ഉന്നതനുമാകുന്നു അവൻ" (അർറഅ്ദ്: 9).

അപ്പോൾ 'ഗൈബ്' അല്ലാഹുവിനല്ലാതെ ഒരാൾക്കുമറിയില്ല. അല്ലാഹുവിന്റെ സാമീപ്യം ലഭിച്ച മലക്കുകളോ, അവൻ നിയോഗിച്ച ദൂതന്മാരോ പോലും അത് അറിയില്ലെന്നിരിക്കെ അവർക്കു താഴെയുള്ളവരും അത് അറിയുകയില്ല.

നൂഹ് നബിﷺയെ സംബന്ധിച്ച് അല്ലാഹു പറയുകയുണ്ടായി: "അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല. ഞാൻ അദൃശ്യകാര്യം അറിയുന്നുമില്ല" (ഹൂദ് 31).

ഹൂദ് നബിﷺയെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു: "അദ്ദേഹം പറഞ്ഞു: (അതിനെപ്പറ്റിയുള്ള) അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു. ഞാൻ എന്തൊന്നുമായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ അതു ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു" (അൽഅഹ്ക്വാഫ് 23).

മുഹമ്മദ് നബിﷺയോട് പ്രഖ്യാപിക്കുവാൻ അല്ലാഹു പറയുന്നു: "പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്നു ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുന്നുമില്ല..." (അൽഅൻആം 50).

അല്ലാഹു പറയുന്നു: "അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു: നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരൂ. അവർ പറഞ്ഞു: നിനക്ക് സ്തോത്രം. നീ പഠിപ്പിച്ചുതന്നതല്ലാത്ത യാതൊരു അറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവജ്ഞനും അഗാധജ്ഞാനിയും" (അൽബക്വറ 31,32).

എന്നാൽ തന്റെ സൃഷ്ടികളിൽ ചിലർക്ക് ദിവ്യബോധനം മുഖേന ഗൈബിൽ പെട്ട ചില കാര്യങ്ങൾ അറിയിച്ചുകൊടുക്കും:

"അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തി കൊടുക്കുകയില്ല; അവൻ തൃപ്തിപ്പെട്ട വല്ല ദൂതന്നുമല്ലാതെ. എന്നാൽ അദ്ദേഹത്തിന്റെ (ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപെടുത്തുകതന്നെ ചെയ്യുന്നതാണ്. അവർ (ദൂതൻമാർ) തങ്ങളുടെ രക്ഷിതാവിന്റെ ദൗത്യങ്ങൾ എത്തിച്ചുകൊടുത്തിട്ടുണ്ട് എന്ന് അവൻ (അല്ലാഹു) അറിയാൻ വേണ്ടി. അവരുടെ പക്കലുള്ളതിനെ അവൻ പരിപൂർണമായി അറിഞ്ഞിരിക്കുന്നു. എല്ലാ വസ്തുവിന്റെയും എണ്ണം അവൻ തിട്ടപ്പെടുത്തിയിരിക്കുന്നു" (അൽജിന്ന് 26-28).

അല്ലാഹു തന്റെ സൃഷ്ടികളിൽ ചിലർക്കുമാത്രം അറിയിച്ചുകൊടുക്കുകയും മറ്റുള്ളവർ അറിയാതിരിക്കുകയും ചെയ്യുന്ന അത്തരം ഗൈബുകളെ 'ആപേക്ഷിക അദൃശ്യം' എന്നാണ് പറയുന്നത്. എന്നാൽ നിരുപാധിക ഗൈബ് അല്ലാഹു മാത്രമെ അറിയുകയുള്ളൂ. അല്ലാഹു തന്റെതു മാത്രമെന്നു പറഞ്ഞ അദൃശ്യം തനിക്കും അറിയാമെന്ന് വാദിക്കുവാൻ ആർക്കു കഴിയും?

കളവു പറയുന്നവരും വ്യാജവാദികളും അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടി പറയുന്നവരുമായ അദൃശ്യജ്ഞാന വാദി(ഭാവിപ്രവചനക്കാർ)കളിൽനിന്നും ഓരോ വിശ്വാസിയും കരുതലോടെ മാറിനിൽക്കേണ്ടതാണ്. സ്വയം വഴികേടിലാവുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്യുന്ന ജ്യോത്സ്യന്മാർ, സിദ്ധന്മാർ, മാരണക്കാർ തുടങ്ങിയവരെല്ലാം അത്തരത്തിൽ മനുഷ്യരെ ശരിയായ പാതയിൽനിന്ന് അകറ്റുന്നവരാണ്.

അദൃശ്യജ്ഞാനമുണ്ടെന്ന് അവകാശപ്പെടുന്ന ആളുകൾ പാമര ജനങ്ങളെ വഴികേടിലാക്കുന്നതിനും വിശ്വാസ ചൂഷണത്തിനും വേണ്ടി നടത്തിവരുന്ന പ്രവൃത്തികളിൽ ചിലതു പറയാം.

### 1. മാരണം

അല്ലാഹുവിന്റെ നിശ്ചയപ്രകാരം മാരണം മനസ്സിനെയും ശരീരത്തെയും ബാധിക്കുകയോ മനുഷ്യരെ രോഗികളാക്കിത്തീർക്കുകയോ ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നിപ്പുണ്ടാക്കുകയോ മരണത്തിൽവരെ എത്തിക്കുകയോ ചെയ്തേക്കാം.

> **കളവു പറയുന്നവരും വ്യാജവാദികളും അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടി പറയുന്നവരുമായ അദൃശ്യജ്ഞാന വാദികളിൽനിന്നും ഓരോ വിശ്വാസിയും കരുതലോടെ മാറിനിൽക്കേണ്ടതാണ്. സ്വയം വഴികേടിലാവുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്യുന്ന ജ്യോത്സ്യന്മാർ, സിദ്ധന്മാർ, മാരണക്കാർ തുടങ്ങിയവരെല്ലാം അത്തരത്തിൽ മനുഷ്യരെ ശരിയായ പാതയിൽനിന്ന് അകറ്റുന്നവരാണ്. അദൃശ്യജ്ഞാനമുണ്ടെന്ന് അവകാശപ്പെടുന്ന ആളുകൾ പാമര ജനങ്ങളെ വഴികേടിലാക്കുകയാണ് ചെയ്യുന്നത്.**

അല്ലാഹു പറയുന്നു: "സുലൈമാൻ നബിയുടെ രാജവാഴ്ചയുടെ (രഹസ്യമെന്ന) പേരിൽ പിശാചുക്കൾ പറഞ്ഞു പരത്തിക്കൊണ്ടിരുന്നത് അവർ (ഇസ്റാഈല്യർ) പിൻപറ്റുകയും ചെയ്തു. സുലൈമാൻ നബി ദൈവനിഷേധം കാണിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് മാന്ത്രികവിദ്യ പഠിപ്പിച്ചുകൊടുത്ത് പിശാചുക്കളാണ് ദൈവനിഷേധത്തിൽ ഏർപെട്ടത്. ബാബിലോണിൽ ഹാറൂത്തെന്നും മാറൂത്തെന്നും പേരുള്ള രണ്ടു മലക്കുകൾക്ക് ലഭിച്ചതിനെയും (പറ്റി പിശാചുക്കൾ പറഞ്ഞുണ്ടാക്കിക്കൊണ്ടിരുന്നത് അവർ പിന്തുടർന്നു). എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) ദൈവനിഷേധത്തിൽ ഏർപ്പെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല. അങ്ങനെ അവരിൽനിന്ന് ഭാര്യാഭർത്താക്കൻമാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതികൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്ക് തന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചുകൊണ്ടിരുന്നത്. അത് (ആ വിദ്യ) ആർ വാങ്ങി (കൈവശപ്പെടുത്തിയോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചു കഴിഞ്ഞിട്ടുണ്ട്. അവരുടെ ആത്മാവുകളെ വിറ്റ് അവർ വാങ്ങിയ വില വളരെ ചീത്തതന്നെ. അവർക്ക് വിവരമുണ്ടായിരുന്നെങ്കിൽ!" (അൽബക്വറ: 106).

കെട്ടുകളിൽ ഊതുന്നതും അതിൽ പെട്ടതു തന്നെയാണ്. അല്ലാഹു പറയുന്നു: "പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ കാവലിനെ തേടുന്നു; അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽനിന്ന്. ഇരുളടയു മ്പോഴുള്ള രാത്രിയുടെ കെടുതിയിൽനിന്നും കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽനിന്നും അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും" (അൽഫലക് 15).

### 2. ജ്യോതിഷം

ഗ്രഹങ്ങളുടെ ഭ്രമണവും സ്ഥാനവും ഗണിച്ച് നോക്കി ഭൂമിയിലെ സംഭവങ്ങൾ വിലയിരുത്തുന്നതിനെയാണ് ജ്യോതിഷം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ഇബ്നു അബ്ബാസിﷺൽനിന്നും നിവേദനം; അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "ജ്യോതിഷത്തിൽ നിന്ന് വല്ലതും അഭ്യസിക്കുന്നവർ സിഹ്റിൽനിന്നും ഒരു ഭാഗമാണ് അഭ്യസിക്കുന്നത്. (ജ്യോതിഷം) അഭ്യസിച്ചെടുക്കുന്നത് വർധിപ്പിക്കുന്നതനുസരിച്ച് അവൻ സിഹ്റും വർധിപ്പിച്ചു" (സുനനു അബൂദാവൂദ്).

### 3. പക്ഷികളെ ഉപയോഗിച്ചുള്ള ശകുനം നോക്കലും കളങ്ങൾ വരച്ച് ഭാവിപ്രവചിക്കലും

ക്വത്വൻ ബിൻ ക്വബീസ്വﷺ തന്റെ പിതാവിൽ നിന്നു നിവേദനം: "നബിﷺ പറയുന്നതായി ഞാൻ കേട്ടു: 'പക്ഷികളെ പറത്തി ശകുനം നോക്കുന്നതും (ഇയാഫത്ത്) അശുഭ ലക്ഷണങ്ങളിൽ വിശ്വസിക്കുന്നതും കളങ്ങൾ വരച്ച് ഭാവി പ്രവചിക്കുന്നതും (ത്വർക്) ജിബ്തിൽ പെട്ടതാണ് (മാരണത്തിൽ പെട്ടത്)" (സുനനു അബൂദാവൂദ്, മുസ്നദു അഹ്മദ്).

'ഇയാഫത്ത്' എന്നാൽ പക്ഷികളുടെ ദിശയും കരച്ചിലും നാമങ്ങളും നോക്കി ശകുനം തീരുമാനിക്കുന്നതാണ്. 'ത്വർക്' എന്നാൽ മണ്ണിലോ മണലിലോ വരച്ചോ കല്ലുകൾ എറിഞ്ഞോ ഭാവി കാര്യങ്ങൾ പ്രവചിക്കുന്നതാണ്.

### 4. ഭാവി പ്രവചനം

മറഞ്ഞ കാര്യങ്ങൾ അറിയുമെന്നു വാദിക്കുന്നവരാണിത് ചെയ്യാറുള്ളത്. മലക്കുകളുടെ സംസാരത്തിൽ നിന്നു പിശാചുകൾ കട്ടുകേൾക്കുന്നത് ജോത്സ്യന്മാരുടെ ചെവിയിൽ എത്തിച്ചുകൊടുക്കുകയും അവർ അതിൽ കളവു ചേർത്തു പറയുന്നതുമാണത്.



അബൂഹുറയ്റ(റ)യിൽനിന്നും നിവേദനം; റസൂൽ(ﷺ) പറഞ്ഞു: "ഭാവി പ്രവചനം നടത്തുന്നവരെ (പ്രശ്നം നോക്കുന്നവരെ) സമീപിച്ച് അവർ പറയുന്നത് വിശ്വസിക്കുന്നവർ മുഹമ്മദിന് അല്ലാഹു നൽകിയ ഗ്രന്ഥത്തിൽ അവിശ്വസിക്കുന്നവരാകുന്നു" (മുസ്നദ് ബസ്സാർ, മജ്മഅ് സവാഇദ്).

**5 കണക്കുനോട്ടം**

ഓരോ അക്ഷരത്തിനും നിശ്ചിത മൂല്യം കണക്കാക്കുകയും ആളുകളുടെ പേരുകൾ, സ്ഥലങ്ങൾ, സമയങ്ങൾ തുടങ്ങിയവയിലെ അക്ഷരങ്ങളുടെ മൂല്യങ്ങൾ കൂട്ടി അവരുടെ ഗുണദോഷങ്ങൾ പ്രവചിക്കുകയും ചെയ്യലാണിത്.

'നക്ഷത്രങ്ങൾ നോക്കുന്നവരെയും അബ്ജദ് അക്ഷരങ്ങൾ കൂട്ടുന്നവരെയും സംബന്ധിച്ച് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) പറയുകയുണ്ടായി: അതു ചെയ്യുന്നവർക്ക് അല്ലാഹുവിന്റെയടുക്കൽ യാതൊരു നന്മയും ഉണ്ടാകുകയില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്' (മുസ്വന്നഫ് അബ്ദുർറസാക്വ് (11/26).

**6. കൈനോട്ടം**

ജീവിതം, മരണം, ദാരിദ്ര്യം, അഭിവൃദ്ധി, രോഗം, ആരോഗ്യം എന്നു തുടങ്ങി എല്ലാ കാര്യങ്ങളും എപ്പോൾ സംഭവിക്കും, ഭാവിയിൽ എന്തൊക്കെ നടക്കാനിരിക്കുന്നു എന്നതെല്ലാം കൈരേഖ നോക്കി പ്രവചിക്കാൻ കഴിയുമെന്ന് വാദിക്കുന്നവരാണ് കൈനോട്ടക്കാർ.

**7. 'ആത്മാക്കളെ ഹാജറാക്കൽ'**

മരണപ്പെട്ടുപോയവരുടെ ആത്മാക്കളെ ഹാജരാക്കുകയും ക്വബ്റിലെ സുഖദുഃഖങ്ങളെ കുറിച്ചും മരണപ്പെട്ടു പോയവരെ സംബന്ധിച്ചുമെല്ലാം ചോദിക്കുകയും വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുമെന്നാണ് ഈ രംഗത്തു പ്രവർത്തിക്കുന്നവർ ജൽപിക്കുന്നത്. തങ്ങൾ മറഞ്ഞ കാര്യങ്ങൾ അറിയുന്നവരാണെന്ന് വാദിക്കുന്നവരാണിവർ. യഥാർഥത്തിൽ ഇത് കള്ളവും പൈശാചിക പ്രവൃത്തികളുടെ ഭാഗവുമാണ്. മനുഷ്യരുടെ ശരിയായ വിശ്വാസത്തെ നശിപ്പിക്കുകയും പാമരജനങ്ങളെ കബളിപ്പിക്കുകയും സമ്പത്ത് പിടുങ്ങുകയും ചെയ്യുകയെന്നതാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവരുടെ ഉദ്ദേശ്യം. തങ്ങൾ മറഞ്ഞ കാര്യങ്ങൾ അറിയുന്നവരാണെന്ന് വാദിക്കുകയും ചെയ്യും.

**8. ശകുനം നോക്കൽ**

ഇടത്തോട്ടോ വലത്തോട്ടോ പറക്കുകയോ മുന്നിലൂടെ മുറിച്ചുകടക്കുകയോ ചെയ്യുന്ന പക്ഷികളെയോ മാനിനെയോ (ജന്തുക്കളെ) നോക്കി നന്മയും തിന്മയും തീരുമാനിക്കുന്നതാകുന്നു 'തത്വയ്യുർ' (ശകുനം നോക്കൽ). ഇതും ശിർക്കിൽ പെടുന്നതാകുന്നു, പിശാച് മനസ്സിൽ ഇട്ടുകൊടുക്കുന്ന ഭയത്തിൽ നിന്നുണ്ടാകുന്നതാണത്.

**"മരണപ്പെട്ടുപോയവരുടെ ആത്മാക്കളെ ഹാജരാക്കുകയും ക്വബ്റിലെ സുഖദുഃഖങ്ങളെ കുറിച്ചും മരണപ്പെട്ടു പോയവരെ സംബന്ധിച്ചുമെല്ലാം ചോദിക്കുകയും വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുമെന്നാണ് ഈ രംഗത്തു പ്രവർത്തിക്കുന്നവർ ജൽപിക്കുന്നത്. തങ്ങൾ മറഞ്ഞ കാര്യങ്ങൾ അറിയുന്നവരാണെന്ന് വാദിക്കുന്നവരാണിവർ. യഥാർഥത്തിൽ ഇത് കള്ളവും പൈശാചിക പ്രവൃത്തികളുടെ ഭാഗവുമാണ്. മനുഷ്യരുടെ ശരിയായ വിശ്വാസത്തെ നശിപ്പിക്കുകയും പാമരജനങ്ങളെ കബളിപ്പിക്കുകയും സമ്പത്ത് പിടുങ്ങുകയും ചെയ്യുകയെന്നതാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നവരുടെ ഉദ്ദേശ്യം. തങ്ങൾ മറഞ്ഞ കാര്യങ്ങൾ അറിയുന്നവരാണെന്ന് വാദിക്കുകയും ചെയ്യും."**

ഇംറാനുബ്നുൽ ഹുസ്വൈനി(റ)ൽ നിന്ന് നിവേദനം; നബി(ﷺ) പറയുകയുണ്ടായി: "ശകുനം നോക്കുന്നവരും നോക്കിക്കൊടുക്കുന്നവരും പ്രശ്നം നോക്കുന്നവരും നോക്കിക്കൊടുക്കുന്നവരും മാരണം ചെയ്യിക്കുന്നവരും ചെയ്തുകൊടുക്കുന്നവരും നമ്മിൽ (മുസ്ലിംകളിൽ) പെട്ടവരല്ല. പ്രശ്നം നോക്കുന്നവരെ സമീപിച്ച് അവർ പറയുന്നത് വിശ്വസിക്കുന്നവർ മുഹമ്മദിന് അല്ലാഹു നൽകിയ ഗ്രന്ഥത്തിൽ അവി ശ്വസിക്കുന്നവരാകുന്നു" (മുസ്നദ് ബസ്സാർ, മജ്മഅ് സവാഇദ്).

മുസ്ലിംകളുടെ അവസ്ഥ നന്നാക്കിത്തീർക്കുവാനും അവരെ മതത്തിൽ അവഗാഹമുള്ളവരാക്കി മാറ്റുവാനും അല്ലാഹുവിനോട് തേടാം. പിശാചിന്റെ മിത്രങ്ങളുടെ കൃത്രിമങ്ങളിൽനിന്നും കുറ്റവാളികളുടെ കബളിപ്പിക്കലിൽനിന്നും അല്ലാഹു വിശ്വാസികളെ കാത്തുരക്ഷിക്കട്ടെ.

ശാഹുൽ പാലക്കാട്
shahulhamidkamba@Gmail.com

കവർ സ്റ്റോറി

Consequentialism, Deontology, Islam

# അനന്തരഫല സിദ്ധാന്തം, നീതിശാസ്ത്രം, ഇസ്‌ലാം



**ധാർമികമായി ശരിതെറ്റുകൾ നിർണയിക്കാനുള്ള മാനദണ്ഡം കർമം മാത്രമല്ല, അതിന്റെ അനന്തരഫലങ്ങൾ കൂടിയാണ് എന്നതാണ് ശരിയായ വീക്ഷണം. എന്നാൽ ലിബറൽ ഫിലോസഫിയുടെ യുക്തിവാദ മൂശയിൽ ഇത്തരം പരികൽപനകൾക്കൊന്നും യതൊരു പ്രസക്തിയുമില്ല. വ്യക്തിസ്വാതന്ത്ര്യം, മൂല്യം പോലുള്ള കാഞ്ചനക്കൂട്ടിൽ തളച്ചിട്ടതാണവരുടെ നൈതികസങ്കൽപം.**

നിങ്ങൾ ഒരു റെയിൽവേ ട്രോളിയുടെ നിയന്ത്രണസ്ഥാനത്ത് ഇരിക്കുന്നുവെന്ന് കരുതുക. അത് സഞ്ചരിച്ച് ഒരിടത്ത് എത്തിയപ്പോൾ ട്രാക്കിൽ അഞ്ച് മനുഷ്യർ കിടക്കുന്നത് കാണുന്നു. ട്രോളി അതിന്റെ പാതയിലൂടെ നേരെ പോവുകയാണെങ്കിൽ തീർച്ചയായും ആ അഞ്ച് മനുഷ്യരും മരിക്കും. നിങ്ങൾക്ക്

തടയാൻ ആകെ ചെയ്യാവുന്നത് ഒരു സ്വിച്ച് അമർത്തുക മാത്രമാണ്. അത് അമർത്തിയാൽ ട്രോളി അടുത്ത ട്രാക്കിലേക്ക് തിരിയും. എന്നാൽ അങ്ങനെ തിരിക്കുന്നതുകൊണ്ട് അവിടെ ട്രാക്കിൽ പണിയെടുക്കുന്ന ഒരു മനുഷ്യൻ കൊല്ലപ്പെടും.

അപ്പോൾ നിങ്ങൾക്ക് അവശേഷിക്കുന്ന രണ്ട് തീരുമാനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1) ട്രോളി അതിന്റെ സ്വാഭാവിക പാതയിലൂടെ സഞ്ചരിക്കട്ടെ, താൻ അതിൽ ഇടപെടുന്നില്ലെന്ന് തീരുമാനിക്കാം. പക്ഷേ, അതുകൊണ്ട് അഞ്ചുപേർ മരിക്കും.

2) അതിൽ ഇടപെട്ട് ട്രോളിയെ മറ്റൊരു പാതയിലേക്ക് തിരിച്ച് അഞ്ചുപേരെ രക്ഷിക്കാം. പക്ഷേ അടുത്ത ട്രാക്കിലുള്ള നിരപരാധിയായ ഒരു മനുഷ്യൻ കൊല്ലപ്പെടും. ഇതിൽ ഏത് ഓപ്ഷനായിരിക്കും നിങ്ങൾ തിരഞ്ഞെടുക്കുക? സ്വാഭാവികമായും കൂടുതൽ ആളുകൾ ഒന്നാമത്തെ ഓപ്ഷനായിരിക്കും തിരഞ്ഞെടുക്കുക.

ട്രോളിയുടെ സ്വാഭാവിക സഞ്ചാര പാതയിൽ നിന്നും തിരിച്ചാൽ ഒരാൾ കൊല്ലപ്പെടുന്നുണ്ട് എങ്കിൽ കൂടി മറ്റു അഞ്ചുപേരെ അതുവഴി രക്ഷിക്കാം. സമാന സാഹചര്യത്തെ കൃത്രിമമായി നിർമിച്ച് മനഃശാസ്ത്രജ്ഞനായ ഡേവിഡ് നവരെറ്റിന്റെ (David navarette) നേതൃത്വത്തിൽ നടത്തിയ പഠനം പറയുന്നത് പങ്കെടുത്ത 147 പേരിൽ 90 ശതമാനവും ഓപ്ഷൻ ഒന്ന് തിരഞ്ഞെടുത്തുവെന്നാണ്.[1] അഥവാ ട്രോളിയെ വഴിമാറ്റി വിട്ടാൽ ഒരാൾ കൊല്ലപ്പെടുന്നുവെങ്കിൽ കൂടി അഞ്ച് പേരെ രക്ഷിക്കുന്നതാണ് ശരി എന്നതാണ് കൂടുതൽ പേരുടെയും തീരുമാനം. കൂടുതൽ പേരെ രക്ഷിക്കുക എന്ന കൂടുതൽ മാനവികമായ അനന്തര ഫലം സൃഷ്ടിക്കുന്നത് കൊണ്ടാണ് ഇവിടെയിത് നൈതികമാകുന്നത്.

ധാർമികതയുമായി ബന്ധപ്പെട്ട സംവാദ മണ്ഡലത്തിലേക്ക് 'ട്രോളി പ്രോബ്ലം' എന്നറിയപ്പെടുന്ന ഈ ചിന്താപരീക്ഷണം കൊണ്ടുവരുന്നത് 1967ൽ തത്ത്വചിന്തകനായ ഫിലിപ്പാ ഫുടാണ്. മികച്ച കോൺസിക്വൻസിനെ നിർമിക്കുന്നതാണ് ധാർമികമായി ശരിയെന്ന ചിന്തയെ(Consequentialism) സ്ഥാപിക്കാൻ ഇതിനെ ഉപയോഗിച്ചുപോരുന്നു. ഇതനുസരിച്ച് ഒരു കാര്യത്തെ ശരിയെന്നോ തെറ്റെന്നോ നിർണയിക്കുന്നത് കേവലമായ ആ കർമത്തെ മാത്രം നോക്കിയല്ല, മറിച്ച് അനന്തരഫലമെന്താണോ അതനുസരിച്ചാണ്.

ഉദാഹരണത്തിന് മദ്യപാനമെന്ന ശീലത്തെ നോക്കുക. മദ്യപിക്കുക എന്ന കർമത്തെ മാത്രം കേവലമായി കണ്ടാൽ അതിൽ തെറ്റൊന്നുമില്ല. കാരണം മദ്യപിക്കുന്ന വ്യക്തിക്ക് മാനസികമായ സന്തോഷവും ലഹരിയും അനുഭൂതിയുമാണ് അതുകൊണ്ട് പ്രത്യക്ഷത്തിൽ ലഭിക്കുന്നത്. അപ്പോൾ അത് തെറ്റാവുന്നത് പ്രത്യക്ഷ സുഖങ്ങൾക്ക് അപ്പുറമുള്ള മോശപ്പെട്ട കോൺസിക്വൻസുകളെ നിർമിക്കാൻ കാരണമാകുന്നത് കൊണ്ടാണ്. മദ്യം വ്യക്തിയുടെ ആരോഗ്യനിലയും മാനസികനിലയും നശിപ്പിക്കുന്നു, കുടുംബബന്ധങ്ങളെയും സാമൂഹ്യബന്ധങ്ങളെയും തകർക്കുന്നു. ഇത്തരം നെഗറ്റീവായ കോൺസിക്വൻസ് സംഭവിക്കുന്നതിന് വലിയ കാലയളവുകൾ വേണ്ടിവരാം. എന്നാൽകൂടി അതിനെയും ഉൾകൊണ്ടേ ധാർമികമായ ശരിതെറ്റുകളെ നിർവചിക്കാൻ കഴിയൂ എന്ന ചിന്തയാണ് ചുരുക്കത്തിൽ കോൺസിക്വൻഷലിസം (Consequentialism).

എന്നാൽ ലിബറൽ ഫിലോസഫികൾ ഇത്തരം ലോങ്ങ് ടേം(long term) കോൺസിക്വൻസുകളെ കാണുന്നില്ലായെന്നത് അതിന്റെ വലിയ പരിമിതി

> **ഇസ്‌ലാം ഓരോ കർമത്തിന്റെയും കോൺസിക്വൻസിനെക്കൂടി കണ്ട് നൈതികതയെ നിർണയിക്കുന്ന ദർശനമാണ്. അത് കളവുപറയുന്നത് തെറ്റാണെന്ന് പഠിപ്പിക്കുന്നതോടൊപ്പംതന്നെ അങ്ങനെ കളവ് പറയുന്നതുകൊണ്ട് വലിയ നന്മയുണ്ടാകുമെങ്കിൽ അഥവാ വലിയൊരു തിന്മയെ തടയുമെങ്കിൽ ആ ഘട്ടത്തിൽ അതിന് അനുമതി നൽകുന്നു. മോഷണം തെറ്റാണെന്നും അതിന് കടുത്ത ശിക്ഷയുണ്ടെന്നും പറയുമ്പോൾതന്നെ വിശപ്പ് സഹിക്കവയ്യാതെ ഒരാൾ ആഹാരസാധനം അനുവാദമില്ലാതെ എടുത്തു ഭക്ഷിച്ചാൽ മോഷ്ടാവിനുള്ള ശിക്ഷ അയാൾക്ക് വിധിക്കുന്നില്ല. പന്നിമാംസം നിഷിദ്ധമാണെങ്കിലും സ്വന്തം ജീവൻ നിലനിർത്താനുള്ള ആഹാരം എന്ന നിലയ്ക്ക് ആപത്ഘട്ടങ്ങളിൽ അത് കഴിക്കുന്നതിനു വിലക്കില്ല. ഒരു മനുഷ്യനെ വധിക്കുന്നത് മഹാപാതകമാണെങ്കിലും യുദ്ധ സാഹചര്യത്തിൽ ശത്രുവിനെ വധിക്കേണ്ട അനിവാര്യത ഉണ്ടായെങ്കിൽ അത് തെറ്റല്ല.**

യാണ്. വ്യക്തിസ്വാതന്ത്ര്യം, സമത്വം തുടങ്ങിയ രണ്ടു വാക്കുകളെ മൂല്യങ്ങളുടെ അടിത്തറയായി കാണുന്ന ലിബറലിസം പക്ഷേ, അത്തരം സ്വാതന്ത്ര്യങ്ങളുടെ അതിരുവിട്ട പ്രയോഗംകൊണ്ട് സമൂഹത്തിനും വ്യക്തികൾക്കും ഉണ്ടായേക്കാവുന്ന നെഗറ്റീവായ അനന്തരഫലങ്ങളെ കാണുന്നില്ല. അതുകൊണ്ടുതന്നെ സ്വതന്ത്ര രതിയോ സ്വവർഗ രതിയോ ലഹരി ഉപഭോഗമോ ലിബറൽ ലോകത്ത് തിന്മകൾ അല്ലെന്ന് മാത്രമല്ല വ്യക്തി സ്വാതന്ത്ര്യത്തിന്റെ ഭാഗങ്ങളായ ശരികളുമാകുന്നു.

ലിബറൽ പ്രത്യയശാസ്ത്രത്തിന്റെ പ്രധാന പരിമിതിയിതാണ്. അതിന് വ്യക്തിസ്വാതന്ത്ര്യം മഹത്വമാണ് എന്ന കേവല വർത്തമാനത്തിനപ്പുറം സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗങ്ങൾ മനസ്സിലാക്കാനോ പ്രതിരോധിക്കാനോ പരിഹാരം കാണാനോ കഴിയുന്നില്ല. ലിബറൽലോകം മുന്നോട്ടുവയ്ക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തിന് ഒരു സംഭവം മാത്രം ഉദാഹരിക്കാം: സൂക്ഷിച്ചുവച്ചിരുന്ന പോണോഗ്രഫിക് മാഗസിനുകളും ടാപ്പുകളും നശിപ്പിച്ചതിന് അമേരിക്കൻ കോടതി മാതാപിതാക്കൾക്ക് വിധിച്ച നഷ്ടപരിഹാരം ഇരുപത്തിരണ്ടര ലക്ഷം രൂപ വരും.[2] 40 വയസ്സായ മകന്റെ പരാതിയിലാണ് വിധിയെന്നോർക്കണം. കേവലം വ്യക്തിസ്വാതന്ത്ര്യത്തിന്റെ മാത്രം ലെൻസിൽ നോക്കിയാൽ ഇതിൽ തെറ്റ് പറയാനാവില്ല എന്നതാണ് കോടതിയെ ഈ വിധിക്ക് പ്രേരിപ്പിച്ചത്.

എന്നാൽ 40 വയസ്സിലും വൈവാഹിക ബന്ധത്തിലോ കുടുംബ ബന്ധത്തിലോ താൽപര്യം കാണിക്കാതെ പോണോഗ്രഫിക്ക് അടിമപ്പെട്ടു ജീവിക്കുന്ന മകനെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമമായിരിക്കാം മാതാപിതാക്കളെ സംബന്ധിച്ച് അത്. ലിബറൽ ലോകത്ത് ഇത് മഹാപാതകമാകുന്നത് കേവല വ്യക്തിസ്വാതന്ത്ര്യത്തിന് അപ്പുറം സമൂഹത്തിന്റെയോ വ്യക്തിയുടെയോ മാനസികാരോഗ്യം ലിബറലിസത്തിന്റെ ലക്ഷ്യമല്ലാത്തത് കൊണ്ടാണ്. വൈവാഹികബന്ധം അടിമത്തവും സ്വാതന്ത്ര്യനിഷേധവുമാണെന്ന് തുടങ്ങുന്ന ലിബറൽ ജീവികളുടെ വർത്തമാനങ്ങളും ഒറ്റപ്പെടലിന്റെ വാർധക്യത്തിനപ്പുറം അനാഥ ശവമായി ജീവിതം അവസാനിക്കുന്നതിൽ വ്യക്തികളെ കൊണ്ടെത്തിക്കുന്നു. കേവല സ്വതന്ത്രവാദങ്ങൾ സമൂഹങ്ങളെയും വ്യക്തികളെയും നശിപ്പിക്കുക മാത്രമാണ് ചെയ്യുന്നത് എന്ന് ഇതിൽനിന്നും വ്യക്തമാണ്.

തൽസ്ഥാനത്ത് ഇസ്‌ലാമിലേക്ക് വരാം. ഇസ്‌ലാം ഓരോ കർമത്തിന്റെയും കോൺസിക്വൻസിനെക്കൂടി കണ്ട് നൈതികതയെ നിർണയിക്കുന്ന ദർശനമാണ്. അത് കളവുപറയുന്നത് തെറ്റാണെന്ന് പഠിപ്പിക്കുന്നതോടൊപ്പംതന്നെ അങ്ങനെ കളവ് പറയുന്നതുകൊണ്ട് വലിയ നന്മയുണ്ടാകുമെങ്കിൽ അഥവാ വലിയൊരു തിന്മയെ തടയുമെങ്കിൽ ആ ഘട്ടത്തിൽ അതിന് അനുമതി നൽകുന്നു. മോഷണം തെറ്റാണെന്നും അതിന് കടുത്ത ശിക്ഷയുണ്ടെന്നും പറയുമ്പോൾതന്നെ വിശപ്പ് സഹിക്കവയ്യാതെ ഒരാൾ ആഹാരസാധനം അനുവാദമില്ലാതെ എടുത്തു ഭക്ഷിച്ചാൽ മോഷ്ടാവിനുള്ള ശിക്ഷ അയാൾക്ക് വിധിക്കുന്നില്ല. പന്നിമാംസം നിഷിദ്ധമാണെങ്കിലും സ്വന്തം ജീവൻ നിലനിർത്താനുള്ള ആഹാരം എന്ന നിലയ്ക്ക് ആപത്ഘട്ടങ്ങളിൽ അത് കഴിക്കുന്നതിനു വിലക്കില്ല. ഒരു മനുഷ്യനെ വധിക്കുന്നത് മഹാപാതകമാണെങ്കിലും യുദ്ധ സാഹചര്യത്തിൽ ശത്രുവിനെ വധിക്കേണ്ട അനിവാര്യത ഉണ്ടായെങ്കിൽ അത് തെറ്റല്ല.

ഇവിടെയെല്ലാം തെറ്റെന്ന് പൊതുവിൽ കരുതപ്പെടുന്ന കർമങ്ങൾകൊണ്ടാണെങ്കിലും അനന്തരഫലമായി ഉണ്ടാകുന്നത് ഒരു നന്മയാണ്. കോൺസിക്വൻസ് നന്മയായതുകൊണ്ട് തന്നെ അത് തെറ്റല്ലാതെയുമാകുന്നു. കോൺസിക്വൻഷലിസത്തിന്റെ ഈ നൈതിക തത്ത്വശാസ്ത്രത്തെ ഇസ്‌ലാം തിരിച്ചും പ്രയോഗിക്കുന്നത് കാണാം. അഥവാ കോൺസിക്വൻസിനനുസരിച്ച് ചില കാര്യങ്ങൾ വലിയ തിന്മകളുമാവാം.

ഉദാഹരണത്തിന് രണ്ട് വ്യക്തികളെ നോക്കുക. ആദ്യത്തെ ആൾ വ്യഭിചരിച്ചു, രണ്ടാമത്തെ വ്യക്തി വ്യഭിചരിച്ചില്ല. എന്നാൽ വ്യഭിചാരം തിന്മയല്ലെന്നും അതൊരു വ്യക്തിസ്വാതന്ത്ര്യമാണെന്നും താൽപര്യമുള്ളവർക്ക് അതാകാമെന്നും സമൂഹത്തിൽ പ്രചരിപ്പിച്ചു. ഇതിൽ ആരാണ് വലിയ തെറ്റുകാരൻ?

തെറ്റ് ചെയ്തവനോ? അതിന് സാമൂഹ്യ അംഗീകാരം ഉണ്ടാക്കാൻ ശ്രമിച്ച ആളോ? കോമൺസെൻസ് അനുസരിച്ച് ആ കർമം ചെയ്ത ആളാണ് വലിയ തെറ്റുകാരൻ എന്ന് പറയാമെങ്കിലും ഇസ്‌ലാമിന്റെ കോൺസിക്വൻഷ്യൽ വീക്ഷണമനുസരിച്ച് വ്യഭിചാരത്തിന് സാമൂഹിക അംഗീകാരം ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ച വ്യക്തിയാണ് വലിയ തെറ്റുകാരൻ. കാരണം വ്യഭിചരിച്ച വ്യക്തി ആ ഒരു

തെറ്റുമാത്രമാണ് ചെയ്തത്. അത് മഹാപാതകം ആയിരിക്കെതന്നെ പരസ്യമാകാത്തിടത്തോളം ശരീഅത്തിന്റെ വിധി അനുസരിച്ചുള്ള കടുത്ത ശിക്ഷകൾ പോലുമുണ്ടാകില്ല. എന്നാൽ വ്യഭിചാരത്തിന് സാമൂഹ്യ അംഗീകാരം ഉണ്ടാക്കാൻ ശ്രമിച്ച വ്യക്തി ഒരേസമയം അനേകം മനുഷ്യരെ ആ തെറ്റ് ചെയ്യാൻ പ്രേരിപ്പിക്കുന്നു. ആ പ്രേരണകൊണ്ട് സമൂഹത്തിൽ എത്രപേർ സ്വാധീനിക്കപ്പെട്ടോ അത്രയും തന്നെ ആ മനുഷ്യൻ കുറ്റക്കാരനാകുന്നു. ഇവിടെയും തെറ്റിന്റെ തീവ്രത അതിന്റെ കോൺസിക്വൻസിനെ കൂടി ഉൾക്കൊണ്ടേ നിർണയിക്കാൻ കഴിയൂ എന്നതാണ് ഇസ്‌ലാമിന്റെ നിലപാട്.

ഇനി ഇതനുസരിച്ച് ഇസ്‌ലാം എങ്ങനെ ലിബറൽലോക മൂല്യങ്ങളുമായി വൈരുധ്യത്തിൽ ആകുന്നുവെന്ന ചർച്ചയിലേക്ക് വരാം. അനന്തരഫലത്തെകൂടി ഉൾക്കൊണ്ട് നൈതികതയെ നിർണയിക്കുന്ന ദർശനമായതുകൊണ്ട് തന്നെ ഇസ്‌ലാമിന് ഒരിക്കലും തെറ്റായ കോൺസിക്വൻസുകളെ നിർമിച്ചേക്കാവുന്ന വ്യക്തിസ്വാതന്ത്ര്യങ്ങളെ അംഗീകരിക്കാനാവില്ല. മനുഷ്യസ്വാതന്ത്ര്യത്തെ അംഗീകരിക്കുമ്പോൾതന്നെ നിയന്ത്രണങ്ങളും വിലക്കുകളും വേണ്ടയിടങ്ങളിൽ ഇസ്‌ലാം ഇടപെടുകയും ചെയ്യുന്നു. ഉദാഹരണത്തിന് അധിക്ഷേപിക്കാനുള്ള സ്വാതന്ത്ര്യത്തിലേക്ക് വരാം. കഴിഞ്ഞ കുറച്ചു ദിവസങ്ങൾക്കു മുമ്പ് കേരളത്തിലെ ഒരു പ്രധാന നാസ്തിക ചിന്തകൻ യു.എ.ഇയിൽ അറസ്റ്റ് ചെയ്യപ്പെട്ടു. സകല മതങ്ങളെയും തെറിയധിക്ഷേപം നടത്തുന്നത് അവിടത്തെ നിയമം അനുസരിച്ചുതന്നെ തെറ്റായതുകൊണ്ട് പിടിക്കപ്പെട്ടതാണ്.

എന്നാൽ അത്തരം തെറിവർത്തമാനങ്ങളെ മുമ്പും പിന്തുണയ്ക്കുക മാത്രം ചെയ്തിട്ടുള്ള കേരളീയ യുക്തിവാദി സമൂഹവും ലിബറലുകളും ആ വ്യക്തിയെ ന്യായീകരിച്ച് രംഗത്ത് വന്നു. മതങ്ങളെ തെറി പറയുന്നത് വ്യക്തിസ്വാതന്ത്ര്യത്തിന് കീഴിൽ വരുമെന്നതുകൊണ്ടുതന്നെ ലിബറൽ മൂല്യമനുസരിച്ച് അയാൾ ചെയ്യുന്നത് ശരി മാത്രമാണെന്നും അതിന് ശിക്ഷിക്കുന്നത് അപരിഷ്കൃത നിയമമാണെന്നുമായിരുന്നു ലിബറൽപക്ഷ വാദങ്ങൾ.

എന്നാൽ സമൂഹങ്ങൾക്കിടയിൽ ഭിന്നിപ്പിനും വെറുപ്പിനും വർഗീയതയ്ക്കും കലാപങ്ങൾക്ക് പോലുമാണ് അത്തരം അമിതസ്വാതന്ത്ര്യം വഴിവെക്കുന്നത് എന്നതുകൊണ്ടുതന്നെ മൊത്തം സമൂഹത്തിന്റെയും ഗുണനിലവാരം ലക്ഷ്യംവയ്ക്കുന്ന ദർശനം എന്ന നിലയ്ക്ക് ഇത്തരം കേവല വ്യക്തിസ്വാതന്ത്ര്യങ്ങളെ ഇസ്‌ലാമിന് അംഗീകരിക്കാൻ കഴിയില്ല. ഇസ്‌ലാം ചില വ്യക്തിസ്വാതന്ത്ര്യങ്ങൾക്ക് തടയിടുന്നത് അതിന്റെ മോശപ്പെട്ട അനന്തരഫലങ്ങൾ കൂടി വിലയിരുത്തിയാണ്.

> **തെറ്റ് ചെയ്തവനോ, അതിന് സാമൂഹ്യ അംഗീകാരം ഉണ്ടാക്കാൻ ശ്രമിച്ച ആളോ ആരാണ് തെറ്റുകാരൻ? കോമൺസെൻസ് അനുസരിച്ച് ആ കർമം ചെയ്ത ആളാണ് വലിയ തെറ്റുകാരൻ എന്ന് പറയാമെങ്കിലും ഇസ്‌ലാമിന്റെ കോൺസിക്വൻഷ്യൽ വീക്ഷണമനുസരിച്ച് വ്യഭിചാരത്തിന് സാമൂഹിക അംഗീകാരം ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ച വ്യക്തിയാണ് വലിയ തെറ്റുകാരൻ. കാരണം വ്യഭിചരിച്ച വ്യക്തി ആ ഒരു തെറ്റുമാത്രമാണ് ചെയ്തത്. അത് മഹാപാതകം ആയിരിക്കെതന്നെ പരസ്യമാകാത്തിടത്തോളം ശരീഅത്തിന്റെ വിധി അനുസരിച്ചുള്ള കടുത്ത ശിക്ഷകൾ പോലുമുണ്ടാകില്ല. എന്നാൽ വ്യഭിചാരത്തിന് സാമൂഹ്യ അംഗീകാരം ഉണ്ടാക്കാൻ ശ്രമിച്ച വ്യക്തി അനേകം മനുഷ്യരെ ആ തെറ്റ് ചെയ്യാൻ പ്രേരിപ്പിക്കുന്നു. അതുകൊണ്ട് സമൂഹത്തിൽ എത്രപേർ സ്വാധീനിക്കപ്പെട്ടോ അത്രയും തന്നെ ആ മനുഷ്യൻ കുറ്റക്കാരനാകുന്നു. ഇവിടെ തെറ്റിന്റെ തീവ്രത അതിന്റെ കോൺസിക്വൻസിനെ കൂടി ഉൾക്കൊണ്ടേ നിർണയിക്കാൻ കഴിയൂ എന്നതാണ് ഇസ്‌ലാമിന്റെ നിലപാട്.**

ഇസ്‌ലാം വ്യക്തിസ്വാതന്ത്ര്യത്തിന് തടയിടുന്നുണ്ടെന്ന ലിബറൽ വിമർശനങ്ങൾ ബാലിശമാകുന്നത് ഈ യുക്തിയെ മനസ്സിലാക്കാത്തത് കൊണ്ടാണെന്ന് പറയാം. ഇസ്‌ലാം സ്വതന്ത്രരതിയെ എതിർക്കുന്നത് വ്യക്തികളെയും കുടുംബ ബന്ധങ്ങളെയും സാമൂഹ്യഘടനയെയും അത് അപനിർമിക്കുന്നുവെന്ന നെഗറ്റീവ് കോൺസിക്വൻസ് ഉള്ളതുകൊണ്ടാണ്.

അർധനഗ്നമായ രീതിയിൽ വസ്ത്രം ധരിക്കുന്നത് സ്ത്രീകൾക്ക് വിലക്കുന്നതിനു പിന്നിൽ സ്ത്രീയെ വെറും സെക്ഷ്വൽ ഒബ്ജക്റ്റ് ആയി കാണുകയും അങ്ങനെ സ്ത്രീകളെ ചൂഷണം ചെയ്യുകയും ചെയ്യുന്ന പുരുഷാധിപത്യ ചിന്തകളോടുള്ള എതിർപ്പുകൂടിയുണ്ടെന്ന് മനസ്സിലാക്കാം. സമൂഹത്തി

ന്റെ ഭാവിയേയും കാര്യങ്ങളുടെ അനന്തരഫലത്തെയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ദർശനത്തിന് മാത്രമെ മെച്ചപ്പെട്ട സമൂഹങ്ങളെ സൃഷ്ടിക്കാൻ കഴിയൂ. ഇസ്‌ലാമിന് അത് കഴിയുമ്പോൾ ലിബറലിസം വ്യക്തികളുടെ കേവല നൈമിഷിക താൽപര്യങ്ങളെ പരമമായ ശരിയായി കാണുന്നു. കോൺസികൃൻസുകളെ കാണുന്നില്ല എന്നതുകൊണ്ടു തന്നെ ധാർമികമായി ലിബറലിസം പരാജയമാണ്.

## ഡിയൊണ്ടോളജി (Deontological ethics)

ഒരു ഉദാഹരണത്തിൽനിന്നു തുടങ്ങാം. നിങ്ങൾ അറിയപ്പെടുന്ന ഒരു സർജനാണെന്ന് കരുതുക. നിങ്ങളുടെ അടുക്കൽ മരണാസന്നരായ അഞ്ചുതരം രോഗികളുണ്ട്. അഞ്ചുപേരുടെയും വ്യത്യസ്ത അവയവങ്ങൾ മാറ്റിവെച്ചില്ലെങ്കിൽ അവർ വൈകാതെ മരിക്കും.

ഈ അവസ്ഥയിൽ നിങ്ങളുടെ അടുത്ത് ഒരു ക്ലൈന്റ് വരുന്നു. പ്രത്യേകിച്ച് ഒരു രോഗവും ഇല്ലാത്ത ഇയാൾ തന്റെ മാസാവസാന ചെക്കപ്പിന് വന്നതാണ്. പരിശോധിച്ചപ്പോൾ മരിക്കാൻ കിടക്കുന്ന അഞ്ചുപേർക്കും യോജിച്ചതാണ് ഈ മനുഷ്യന്റെ അവയവങ്ങൾ എന്ന് നിങ്ങൾക്ക് മനസ്സിലാകുന്നു. ഈ ഒരു മനുഷ്യനെ കൊന്ന് ആ അവയവങ്ങൾ മറ്റു അഞ്ച് പേർക്കുമായി മാറ്റിവയ്ക്കുന്നതുകൊണ്ട് അഞ്ചു പേരുടെ ജീവൻ രക്ഷിക്കാൻ കഴിയും. എങ്കിൽ ഇതിൽ നിങ്ങൾ ഏതു സ്വീകരിക്കും?

1) ഒരാളെ കൊന്ന് അഞ്ചുപേരുടെ ജീവൻ രക്ഷിക്കുമോ?

2) ഒരാളെ വെറുതെ വിട്ട് അഞ്ചു പേരെയും മരിക്കാൻ വിട്ടുകൊടുക്കുമോ?

അഞ്ചുപേരും മരിക്കട്ടെ എന്ന തീരുമാനത്തിൽ ഒരാളെ കൊല്ലാതിരിക്കുക തന്നെയാവും ചെയ്യുക. ഈയൊരു ധാർമിക നിലപാടിനെയാണ് 'ഡിയൊണ്ടോളജി' എന്ന് പറയുന്നത്. അഥവാ അഞ്ചുപേരെ രക്ഷിക്കാൻ കഴിഞ്ഞാലും ഒരു നിരപരാധിയെ അതിനായി കൊല്ലുന്നത് തന്നെയാണ് തെറ്റ്. ഇവിടെ ഒരാളെ കൊല്ലുന്നതുകൊണ്ടുള്ള കോൺസികൃൻസ് വലിയ നന്മയായിരിക്കെതന്നെ ആ കർമം തെറ്റാകുന്നു. മനുഷ്യന് പാലിക്കേണ്ടതായ നൈതിക ബാധ്യതകൾ (moral dtuy) ഉണ്ടെന്ന ചിന്തയാണിത്.[3] ഒരു കർമം സ്വന്തം നിലയ്ക്കുതന്നെ തെറ്റാണെന്ന് ഡിയൊണ്ടോളജി പറയുമ്പോൾ അനന്തരഫലം അനുസരിച്ചാണ് നന്മയും തിന്മയും ഇരിക്കുന്നതെന്ന് കോൺസികൃൻസലിസവും പറയുന്നു. പരസ്പര വിരുദ്ധങ്ങളായി കണക്കാക്കുന്ന ധാർമിക നിലപാടുകളാണിവ.

എന്നാൽ ഇവയ്ക്കിടയിലുള്ള വൈരുധ്യങ്ങളെ പരിഹരിച്ച് രണ്ട് ധാർമിക സിദ്ധാന്തങ്ങളെയും പ്രയോഗിക്കാൻ ഇസ്‌ലാമിന് കഴിയുന്നുണ്ട്. അഥവാ അനന്തരഫലത്തിന് അനുസരിച്ചും ഒരു നൈതികതയെ ഇസ്‌ലാം കാണുന്നത് ഡിയൊണ്ടോളജിക്കലായാണ് എന്ന് പറയാം. ഒരു കാര്യത്തിന് മോശപ്പെട്ട അനന്തരഫലങ്ങൾ ഉണ്ടാകുമെങ്കിൽ അത് ധാർമികമായ തെറ്റാണെന്ന് കോൺസികൃൻസലിസം അനുസരിച്ച് പറയുന്നല്ലോ. എന്നാൽ മറ്റൊരാൾക്ക് മോശമാകുന്നത് കൊണ്ട് താൻ എന്തിന് ആ കർമത്തെ ഒരു തെറ്റായി വിലയിരുത്തണമെന്ന ചോദ്യം ഭൗതികവാദത്തിന്റെ യുക്തിപ്പുറത്ത് ഒരാൾക്ക് ചോദിക്കാം. ഉദാഹരണത്തിന് മോഷണം തെറ്റായ കോൺസികൃൻസ് ഉണ്ടാക്കിയെങ്കിൽതന്നെ മോഷ്ടിച്ച വ്യക്തിക്ക് ലാഭവും മോഷ്ടിക്കപ്പെട്ട വ്യക്തിക്ക് നഷ്ടവുമാണ് സംഭവിക്കുന്നത്. ഒരു ഭൗതികവാദിക്ക് ഇതിൽ ആരുടെ ലാഭനഷ്ടത്തിനും കൂടെ നിൽക്കുകയും ചെയ്യാം. അപ്പോൾ മോശപ്പെട്ട കോൺസികൃൻസ് ഉണ്ടായ സംഭവത്തിൽ തന്നെ ആരുടെ പക്ഷമാണ് തെറ്റും ശരിയുമെന്ന് പറയുന്നത് ഒരു കർമം തെറ്റാണെന്ന ഡിയൊണ്ടോളജിക്കൽ നൈതികത അനുസരിച്ചാണ്. ഈ രീതിക്കാണ് ഇസ്‌ലാം കോൺസികൃൻസലിസത്തെയും



ഡിയൊണ്ടോളജിയെയും അംഗീകരിക്കുന്നതും ഉപയോഗിക്കുന്നതും.

ഡിയൊണ്ടോളജിക്കൽ എത്തിക്സ് കൂടുതൽ ഇസ്‌ലാമുമായി ചേർന്നുനിൽക്കുന്ന നൈതിക സങ്കൽപമാണ്. അഥവാ അടിസ്ഥാനപരമായി മനുഷ്യൻ ലംഘിക്കാൻ പാടില്ലാത്ത വിലക്കുകളും അനുസരിക്കേണ്ട മര്യാദകളും ഉത്തരവാദിത്തങ്ങളും ഉണ്ടെന്ന ചിന്തയാണിത്. അതേസമയം ഭൗതിക വാദത്തിന്റെ യുക്തിയുമായി ഒരുതരത്തിലും ഇത് യോജിക്കുന്നില്ല. കാരണം ഡിയൊണ്ടോളജി അനുസരിച്ച് ഒരു കാര്യം ശരിയോ തെറ്റോ ആകുന്നത് പ്രത്യേകിച്ച് ഒരു ഭൗതികമായ കാരണംകൊണ്ടാകണമെന്നില്ല. അതുകൊണ്ടുതന്നെ ഭൗതികമാത്ര വാദത്തിൽ നിന്നുകൊണ്ട് ഒരു ശരിയും തെറ്റുമില്ല. എന്നാൽ നിത്യജീവിതത്തിൽ ഡിയൊണ്ടോളജിയെ അംഗീകരിക്കാതൊരു ധാർമികജീവിതം തന്നെ സാധ്യമല്ല താനും. ഈ വൈരുധ്യമാണ് പല നാസ്തികരെയും ധാർമികരഹിതരാക്കുന്നത് എന്നും കാണാം. അംഗ വൈകല്യങ്ങളോടെ ജനിക്കുന്ന കൊച്ചുകുഞ്ഞുങ്ങളെ കൊല്ലുന്നതിൽ ധാർമികമായ ശരികേട് ഒന്നുമില്ലെന്നു വാദിക്കാൻ പീറ്റർ സിംഗറിനെ പോലുള്ള വലിയ ഭൗതികവാദിക്ക് കഴിയുന്നത് ലംഘിക്കാൻ പാടില്ലാത്ത പാപങ്ങൾ ഉണ്ടെന്ന ചിന്തയെ അദ്ദേഹം നിരാകരിക്കുന്നതുകൊണ്ടാണ്. അങ്ങനെ കൊല്ലാം എന്നതിന് ന്യായമായി പീറ്റർ സിംഗർ പറയുന്ന ന്യായം തന്നെ കോൺസിക്വൻഷലിസമാണെന്ന് കാണാം.[4] അംഗവൈകല്യത്തോടെ ജനിക്കുന്ന കുഞ്ഞ് സ്വാഭാവികമായും മാതാപിതാക്കൾക്ക് വലിയൊരു കാലയളവിനുള്ള ബാധ്യതയും വിഷമവും ആയിരിക്കുമെന്ന് പറയുന്ന പീറ്റർ സിംഗർ അത് മോശപ്പെട്ട കോൺസിക്വൻസ് ആണെന്ന് സ്ഥാപിക്കുന്നു.

തൽസ്ഥാനത്ത് അംഗവൈകല്യങ്ങളോടെ ജനിക്കുന്ന കുഞ്ഞിനെ കൊന്നുകളഞ്ഞാൽ അധികം വൈകാതെ മറ്റൊരു ആരോഗ്യമുള്ള കുഞ്ഞിന് ജന്മം നൽകുകയും അതുവഴി സന്തോഷമുള്ള ഒരു ജീവിതം ആവുകയും ചെയ്യാമെന്നുകൂടെ പീറ്റർ സിംഗർ പറയുന്നത് ഭൗതികമായ അനന്തരഫലങ്ങളെ മാത്രം വിലയിരുത്തിയാണ്. കോൺസിക്വൻസ് മാത്രം നോക്കിയാണ് ശരിയും തെറ്റും നിശ്ചയിക്കുന്നതെങ്കിൽ കൂടുതൽ സന്തോഷത്തിന് ഒരു കുഞ്ഞിനെ കൊല്ലുന്നതിൽ തെറ്റൊന്നുമില്ലെന്നും പറയാമെന്നതിന്റെ ജീവിക്കുന്ന തെളിവാണ് ആധുനിക നാസ്തിക ലോകത്തെ ഒരു പ്രധാന ആചാര്യൻ തന്നെ. ഭൗതികമായ ന്യായത്തിനപ്പുറം ആത്യന്തികമായ ശരിതെറ്റുകൾ നിലനിൽക്കുന്നുണ്ടെന്നും മനുഷ്യൻ അത് പാലിക്കേണ്ടവൻ ആണെന്നുമുള്ള വീക്ഷണം ഭൗതികവാദ യുക്തിയിൽനിന്നു സാധ്യമല്ലാത്തതിന്റെ കാരണങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം

1) എന്താണ് ധാർമികത എന്ന് വിശദീകരിക്കാൻ കഴിയുന്നില്ല.

2) ധാർമികതയ്ക്ക് ഒരു സോഴ്സ് പറയാനാകുന്നില്ല.

3) എന്തിനു ധാർമികമായ ഒരു വ്യവസ്ഥയെ പിൻപറ്റണമെന്നതിനുള്ള ന്യായം ഭൗതിക വാദത്തിന്റെ കാഴ്ചപ്പാടിൽനിന്ന് കണ്ടെത്താനാവുന്നില്ല.

മുകളിൽ പറഞ്ഞ വൈരുധ്യങ്ങളെ പരിഹരിച്ചുകൊണ്ടുതന്നെ ഒരു ധാർമിക വ്യവസ്ഥയെ സ്ഥാപിക്കാൻ ഇസ്‌ലാമിനു കഴിയുന്നു എന്നത് ശ്രദ്ധേയമാണ്. അത്തരമൊരു നൈതിക വ്യവസ്ഥക്ക് കീഴൊതുങ്ങലും അനുസരിക്കലുമാണ് ഇസ്‌ലാം എന്ന പദത്തിന് നേർക്കുനേരെയുള്ള അർഥം തന്നെയും.

തത്ത്വശാസ്ത്രപരമായി ഡിയൊണ്ടോളജിയെ വികസിപ്പിക്കാൻ ശ്രമിച്ച വ്യക്തിയാണ് ഇമ്മാനുവൽ കാന്റ്. ഒരു കർമത്തെ ശരിയും തെറ്റുമാക്കുന്നത് എന്താണെന്ന ചോദ്യത്തിന് കാന്റ് നൽകുന്ന ഉത്തരം ആ കർമം കൊണ്ട് വ്യക്തിയുടെ ഉദ്ദേശ്യമെന്ത് എന്നതിനെ അടിസ്ഥാനമാക്കിയേ അത്തരം നൈതിക വിലയിരുത്തലുകൾ സാധ്യമാകൂവെന്നാണ്.[5]

കർമങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത് നിയ്യത്ത് അനുസരിച്ചാണെന്ന പ്രവാചക വചനത്തിന് സാമ്യമുള്ളതാണ് ധാർമികതയെ സംബന്ധിച്ച് ഇമ്മാനുവൽ കാന്റ് എത്തുന്ന സംഗ്രഹവും എന്നത് ശ്രദ്ധേയമാണ്.

**കുറിപ്പുകൾ:**


1. Navarrete, C. David; McDonald, Melissa M.; Mott, Michael L.; Asher, Benjamin (20120401). "Virtual morality: Emotion and action in a simulated threedimensional "trolley problem". Emotion. 12 (2): 364 370. doi:10.1037/a0025561. ISSN 19311516. PMID 22103331.

2. https://m.republicworld.com/worldnews/usnews/usmichigancoupleaskedtopayson30kfordisposingofporncollection.html

3. "Deontology". Ethics Unwrapped.

4. https://www.abc.net.au/news/20120815/youngcaseagainstpetersinger/4199120

5. Kant, Immanuel. 1785. "Transition from the Common Rational Knowledge of Morals to the Philosophical." ṙ 1 in Groundwork of the Metaphysic of Morals.

ഡോ. ടി.കെ യൂസുഫ്
mail@nerpatham.com

ലേഖനം




# ലൈക്ക് ആഗ്രഹിക്കുന്നവരോട്

സമൂഹമാധ്യമങ്ങളിൽ ഒട്ടുമിക്കതിലും ലൈക്ക് ചെയ്യാനും ഷെയർ ചെയ്യാനും സബ്സ്ക്രൈബ് ചെയ്യാനും ചില ബട്ടണുകൾ അമർത്താനുമുള്ള അഭ്യർഥനകൾ കാണപ്പെടാറുണ്ട്. കൂടുതൽ ആളുകൾ നമ്മെ പിന്തുടരുന്നതും ഇഷ്ടപ്പെടുന്നതും നമ്മൾ പോസ്റ്റ് ചെയ്യുന്നത് പങ്കുവെക്കുന്നതും സാമ്പത്തിക, വ്യാപാര രംഗത്ത് പ്രയോജനപ്പെട്ടേക്കാം. എന്നാൽ ഇത്തരത്തിലുള്ള ജനകീയ സപ്പോർട്ടുകളുടെ പൊങ്ങച്ചം പറച്ചിലുകൾ മതപരമായി, അല്ലെങ്കിൽ ആത്മീയമായി വിനാശകരമായിത്തീരാനിടയുണ്ട്.

ജനപ്രീതിയും പ്രംശംസയും വിശ്വാസിക്ക് അഭിലഷണീയമല്ല എന്ന് മാത്രമല്ല പലപ്പോഴും അത് ആക്ഷേപാർഹവുമാണ്. കർമങ്ങൾ ആത്മാർഥമായി ദൈവപ്രീതിക്ക് വേണ്ടി അനുഷ്ഠിക്കുമ്പോൾ അത് അങ്ങേയറ്റം പ്രതിഫലാർഹമായിത്തീരും. എന്നാൽ ആളുകളുടെ പ്രശംസ ആഗ്രഹിക്കുന്നതോടുകൂടി അത് തീർത്തും വ്യഥാവിലാകും എന്നാണ് തിരുവചനങ്ങൾ സൂചിപ്പിക്കുന്നത്. പ്രസിദ്ധിക്കും പ്രകടനപരതക്കും വേണ്ടി വസ്ത്രം ധരിക്കുന്നത് പോലും പ്രവാചകൻ വിലക്കിയിട്ടുണ്ട്.

നബിﷺ പറഞ്ഞു: “ഒരു ദാസൻ പ്രസിദ്ധിയുടെ

വസ്ത്രം ധരിച്ചാൽ അല്ലാഹു അവനിൽനിന്നും തരിഞ്ഞ് കളയും; അവൻ അത് അഴിച്ചുവെക്കുന്നത് വരെ" (ഇബ്നു മാജ).

ഇതേ ആശയം മറ്റൊരു വചനത്തിലും കാണാം. നബിﷺ പറഞ്ഞു: "ആരെങ്കിലും പ്രസിദ്ധിയുടെ വസ്ത്രം ധരിച്ചാൽ അന്ത്യദിനത്തിൽ അല്ലാഹു അവന് നിന്ദ്യതയുടെ വസ്ത്രം ധരിപ്പിക്കും" (അഹ്മദ്).

പ്രസിദ്ധിയുടെ വസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അഹങ്കാരത്തിനും പൊങ്ങച്ചത്തിനും തൻപോരിമക്കും വേണ്ടിയുള്ള വേഷവിധാനമാണ്.

മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ വസ്ത്രധാരണ രംഗത്ത് പോലും ജനപ്രശംസ അനുയോജ്യമല്ലെങ്കിൽ അത്രയൊന്നും അനിവാര്യമല്ലാത്ത സോഷ്യൽ മീഡിയ അക്കൗണ്ടുകളിലൂടെ പുറത്ത് വിടുന്ന വിടുവായിത്തങ്ങൾക്ക് ലഭിക്കുന്ന ജനപ്രീതി നമുക്ക് എങ്ങനെയാണ് നീതികരിക്കാനാകുക? പ്രസിദ്ധിക്ക് വേണ്ടി മാത്രം ചെയ്യുന്ന പ്രവർത്തനങ്ങൾ വർജിക്കണമെന്നാണ് പൂർവസൂരികൾ അഭിപ്രായപ്പെടുന്നത്. ജനസമ്മതി നോക്കുന്നവൻ ദൈവപ്രീതി തേടുന്നില്ല എന്നാണ് അവരുടെ വീക്ഷണം. അമിതമായ ആത്മവിശ്വാസത്തോടുകൂടി മറ്റുള്ളവരുടെ ഇടയിൽ ആർഭാട ഉടയാടണിഞ്ഞ് ആളായി നടന്ന ഒരുവനെ അല്ലാഹു ഭൂമിയിലേക്ക് ആഴ്ത്തിക്കളഞ്ഞ സംഭവം ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

ജനപ്രിയ അക്കൗണ്ടുകളും ചാനലുകളും കൈകാര്യം ചെയ്യുന്നവർക്ക് വലിയ ഉത്തരവാദിത്തമുണ്ട്. അവർ അയക്കുന്ന സന്ദേശങ്ങളിലെ തിന്മകൾ പിന്തുടരുന്നവരുടെയും അവർ പങ്ക് വെക്കുന്നതിന്റെയും ഒരു പാപ വിഹിതം മരണശേഷവും അവന് എത്തിക്കൊണ്ടിരിക്കും.

നബിﷺ പറഞ്ഞു: "ആരെങ്കിലും സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അത് പിന്തുടരുന്നവരുടെ പ്രതിഫലം കുറയാതെ, അതിന്റെ ഒരു വിഹിതം അവന് ലഭിക്കും. ആരെങ്കിലും വഴികേടിലേക്ക് ക്ഷണിച്ചാൽ അത് പിന്തുടരുന്നവരുടെ പാപത്തിൽ കുറവ് വരാതെ ഒരു വിഹിതം അവനുമുണ്ടാകും" (അബൂദാവൂദ്).

അഹങ്കാരത്തിന്റെ കാര്യം പറയുകയാണെങ്കിലോ? നബിﷺ പറഞ്ഞു: "ഒരു അണുവിന്റെ തൂക്കം അഹങ്കാരമുണ്ടെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" (മുസ്‌ലിം).

ഈ ലോകത്ത് പ്രശസ്തിയും കീർത്തിയും ആദരവും ആഗ്രഹിക്കുന്നത് അനുയോജ്യമല്ല എന്ന് സൂചിപ്പിക്കുന്ന ധാരാളം തിരുവചനങ്ങൾ കാണാം. ആരാധനാ കർമങ്ങളിലൂടെ ഇത് ആർജിക്കാൻ ശ്രമിക്കുന്നത് ആത്മീയ പാപ്പരത്തത്തിലേക്ക് വഴിതെളിയിക്കുന്നതാണ്. ആദ്യമായി നരകത്തിൽ പ്രവേശിക്കുന്ന മൂന്ന് പേരുടെ വിശേഷണം അതാണ് വെളിപ്പെടുത്തുന്നത്.




ആദ്യമായി നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന മൂന്ന് പേരിൽ ഒന്നാമൻ അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം വഹിച്ചവനാണ്. അവനോട് അല്ലാഹു ചോദിക്കും; നീ എന്താണ് ചെയ്തത്? അവൻ പറയും; ഞാൻ നിന്റെ മാർഗത്തിൽ പോരാടി രക്തസാക്ഷിയായി. അല്ലാഹു പറയും; നീ പറഞ്ഞത് കളവാണ്. നീ ഒരു ധീരനാണെന്ന് പറയപ്പെടാനാണ് പോരാടിയത്, അത് പറപ്പെടുകയും ചെയ്തു. പിന്നീട് അവനെ മുഖം നിലത്ത് കുത്തിവലിച്ച് നരകത്തിലിടും. സത്യത്തിൽ താനൊരു യോദ്ധാവാണ് എന്ന പ്രശംസ കേൾക്കാൻ അവസരമുണ്ടാകുമാറ് പോരാട്ടത്തിന് ശേഷം അയാൾ ജീവിച്ചിരുന്നിട്ടില്ല. എന്നിട്ടും അയാൾ നരകാവകാശിയിയത്തീർന്നു.

നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന രണ്ടാമത്തെയാൾ ക്വുർആൻ പഠിച്ച വ്യക്തിയും മൂന്നാമത്തെയാൾ ധർമിഷ്ഠനുമാണ്. അവരെയൊക്കെ കടുത്ത ശിക്ഷയിലേക്ക് എത്തിച്ചത് അവരുടെ കർമങ്ങളിലെആത്മാർഥതയുടെ കുറവും അവയിലൂടെ പ്രശംസയും ലോകമാന്യവും കാംക്ഷിക്കുകയും ചെയ്തത് കൊണ്ടുമാണ്.

ആദ്യമായി സ്വർഗത്തിൽ പ്രവേശിക്കുന്ന വ്യക്തിയും ഒരു രക്തസാക്ഷി തന്നെയാണ്. പക്ഷേ, അവൻ അല്ലാഹുവിന്റെ വചനം ഉന്നതമായിത്തീരാൻ വേണ്ടി ആത്മാർഥതയോടെ പോരാടിയവനാണെന്ന് മാത്രം. ഉദ്ദേശ്യശുദ്ധിയാണ് ഏത് പ്രവർത്തനത്തിലും പരിഗണിക്കപ്പെടുന്നത് എന്നാണ് ഇതിൽനിന്നും ഗ്രഹിക്കാൻ കഴിയുന്നത്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം




# ഉഹ്ദിലെ പരാജയ കാരണങ്ങൾ

**മുഹമ്മദ് നബിﷺ 41**

അല്ലാഹുവല്ലാത്തവർക്ക് ഇഷ്ടാനുസരണം മറഞ്ഞകാര്യം അറിയാൻ സാധിക്കും എന്ന് വിശ്വസിക്കുന്നവർക്ക് ഉഹ്ദിന്റെ ചരിത്രം മുഴുവനും ഖണ്ഡനമാണ്. ഉഹ്ദിലേക്ക് പുറപ്പെടുന്ന ആയിരം പേരിൽ മുന്നൂറ് കപടന്മാരുടെ വഞ്ചനാത്മക സമീപനത്തെ നേരത്തെതന്നെ ആ മഹാന്മാർക്ക് മനസ്സിലാക്കാൻ സാധിച്ചില്ലല്ലോ! ഹംസﷺയെ ചതിയിൽ കൊലപ്പെടുത്താൻ തയ്യാറായ വഹ്ശിയെ അദ്ദേഹമോ നബിﷺയോ

അറിഞ്ഞില്ല. മറഞ്ഞകാര്യം അറിയാൻ കഴിയുമായിരുന്നെങ്കിൽ നബിﷺ ചതിക്കുഴിയിൽ വീഴുമായിരുന്നോ? ശത്രുക്കളുടെ കള്ളവാർത്തയിൽ സ്വഹാബിമാർ കുടുങ്ങുമായിരുന്നോ? അമ്പെയ്ത്തുകാർ മലമുകളിൽനിന്ന് ഇറങ്ങുമായിരുന്നോ? ആദ്യഘട്ടത്തിൽ യുദ്ധഭൂമിയിൽനിന്ന് ഓടി രക്ഷപ്പെട്ട ശത്രുക്കളുടെ പ്രത്യാക്രമണത്തിന് അവർ ഇരയാകുമായിരുന്നോ? ഇങ്ങനെ ഒട്ടേറെ ചോദ്യങ്ങൾ (അല്ലാഹു അല്ലാത്തവർക്ക് മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയില്ലെന്നതിന് തെളിവായി) ഈ ചരിത്ര സംഭവത്തിൽനിന്ന് നമുക്ക് ചോദിക്കാൻ സാധിക്കും.

ഉഹ്ദിൽ പങ്കെടുത്തവരുടെ പേരിൽ മൗലിദ് രചിച്ച്, അവരോട് പ്രയാസഘട്ടത്തിൽ സഹായം തേടുന്ന ആളുകൾ ഉഹ്ദിന്റെ രണഭൂമിയിൽ അവർക്ക് നേരിടേണ്ടിവന്ന വിഷമഘട്ടത്തെക്കുറിച്ച് മനസ്സിലാക്കുന്നത് നല്ലതാണ്. എത്ര വലിയ മഹാന്മാരാണെങ്കിലും അവർക്ക് നമ്മെ അഭൗതികമായ രൂപത്തിൽ സഹായിക്കുവാനോ, നമ്മുടെ വിളി കേൾക്കുവാനോ, നമ്മുടെ വിളിക്ക് ഉത്തരം നൽകുവാനോ സാധ്യമല്ലെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ചരിത്രസംഭവങ്ങളിലും അതിന് ധാരാളം തെളിവുകൾ കാണാം. അല്ലാഹുവിന്റെ സൃഷ്ടികൾക്കെല്ലാവർക്കും കാൾചക്കും കേൾവിക്കും കഴിവിനും അറിവിനും പരിധിയും പരിമിതിയുമുണ്ട്. എന്നാൽ പ്രാർഥിക്കപ്പെടാൻ അർഹനായ ഏകനായ അല്ലാഹുവിന് യാതൊരു പരിധിയോ പരിമിതിയോ ഏതൊരു കാര്യത്തിലും ഇല്ലതന്നെ. അതാണ് ലാ ഇലാഹ ഇല്ലല്ലാഹു എന്നതിന്റെ കാതൽ.

എല്ലാവരും യുദ്ധഭൂമിയിൽനിന്ന് ഓടിപ്പോയ ഘട്ടം; മുഹമ്മദ് നബിﷺയെ വധിക്കാനുള്ള അവസരം കാത്ത് നിൽക്കുന്ന ശത്രുക്കൾ നബിﷺക്ക് എതിരിൽ ഇരച്ചുകയറാൻ തുടങ്ങി. ആ സമയത്ത് സ്വഹാബിമാരോട് അല്ലാഹുവിന്റെ റസൂൽﷺ ചോദിക്കുകയാണ്:

'നമ്മെ തൊട്ട് അവരെ തടുക്കുന്നവനായി ആരുണ്ട്? അവന് സ്വർഗമുണ്ടായിരിക്കും. അല്ലെങ്കിൽ സ്വർഗത്തിൽ അവൻ എന്റെ കൂട്ടുകാരനായിരിക്കും.' അപ്പോൾ അൻസ്വാറുകളിൽ നിന്ന് ഒരാൾ മുന്നോട്ട് വന്നു. എന്നിട്ട് അദ്ദേഹം വധിക്കപ്പെടുന്നതുവരെ പോരാടി. പിന്നെയും അവർ നബിﷺയുടെ നേർക്ക് ഇരച്ചു കയറി. അപ്പോൾ നബിﷺ ചോദിച്ചു: 'നമ്മെ തൊട്ട് അവരെ തടുക്കുന്നവനായി ആരുണ്ട്? അവന് സ്വർഗമുണ്ടായിരിക്കും. അല്ലെങ്കിൽ സ്വർഗത്തിൽ അവൻ എന്റെ കൂട്ടുകാരനായിരിക്കും.' അപ്പോൾ അൻസ്വാറുകളിൽ നിന്ന് ഒരാൾ മുന്നോട്ട് വന്നു. എന്നിട്ട് അദ്ദേഹം വധിക്കപ്പെടുന്നതുവരെ പോരാടി. അങ്ങനെ ഏഴോളം പേർ വധിക്കപ്പെടുന്നതുവരെ ഇപ്രകാരം തുടർന്നുകൊണ്ടിരുന്നു.

> **ഉഹ്ദിൽ പങ്കെടുത്തവരുടെ പേരിൽ മൗലിദ് രചിച്ച്, അവരോട് പ്രയാസഘട്ടത്തിൽ സഹായം തേടുന്ന ആളുകൾ ഉഹ്ദിന്റെ രണഭൂമിയിൽ അവർക്ക് നേരിടേണ്ടിവന്ന വിഷമഘട്ടത്തെക്കുറിച്ച് മനസ്സിലാക്കുന്നത് നല്ലതാണ്. എത്ര വലിയ മഹാന്മാരാണെങ്കിലും അവർക്ക് നമ്മെ അഭൗതികമായ രൂപത്തിൽ സഹായിക്കുവാനോ, നമ്മുടെ വിളി കേൾക്കുവാനോ, നമ്മുടെ വിളിക്ക് ഉത്തരം നൽകുവാനോ സാധ്യമല്ലെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ചരിത്രസംഭവങ്ങളിലും അതിന് ധാരാളം തെളിവുകൾ കാണാം. അല്ലാഹുവിന്റെ സൃഷ്ടികൾക്കെല്ലാവർക്കും കാൾചക്കും കേൾവിക്കും കഴിവിനും അറിവിനും പരിധിയും പരിമിതിയുമുണ്ട്. എന്നാൽ പ്രാർഥിക്കപ്പെടാൻ അർഹനായ ഏകനായ അല്ലാഹുവിന് യാതൊരു പരിധിയോ പരിമിതിയോ ഏതൊരു കാര്യത്തിലും ഇല്ലതന്നെ. അതാണ് ലാ ഇലാഹ ഇല്ലല്ലാഹു എന്നതിന്റെ കാതൽ.**

പിന്നീടാണ് നബിﷺ ത്വൽഹ, സഅദ്ബ്നു അബീവക്വാസ്, അബൂദുജാന പോലെയുള്ള സ്വഹാബിമാരിലൂടെ സംരക്ഷിക്കപ്പെടുന്നത്. അവർ ആ സമയത്ത് എപ്രകാരമാണ് നബിﷺയെ സംരക്ഷിച്ചത് എന്നത് നാം മുമ്പ് വിശദീകരിച്ചിട്ടുണ്ട്.

ജാബിറിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഉഹ്ദ് ദിവസം ഒരാൾ നബിﷺയോട് ചോദിച്ചു: 'നബിയേ, (ഈ യുദ്ധത്തിൽ) ഞാൻ വധിക്കപ്പെട്ടാൽ ഞാൻ എവിടെയായിരിക്കും? എന്താണ് അങ്ങയുടെ അഭിപ്രായം?' നബിﷺ പറഞ്ഞു: 'സ്വർഗത്തിൽ.' അപ്പോൾ അദ്ദേഹം തന്റെ കൈയിലുള്ള കാരക്ക അവിടെ ഇടുകയും പിന്നീട് കൊല്ലപ്പെടുന്നതുവരെ പോരാടുകയും ചെയ്തു" (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിന്റെ മാർഗത്തിൽ ഉഹ്ദിന്റെ പോർക്കളത്തിൽ ഇതുപോലെ ധാരാളം സ്വഹാബിമാർ രക്തസാക്ഷികളായി എന്നതാണ് നാം മനസ്സിലാക്കേണ്ടത്. പ്രമുഖരായ പല സ്വഹാബിമാരും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. ഹംസ ﷺ, മുസ്അബ് ﷺ തുടങ്ങിയവർ അവരിൽ പെട്ടവരാണ്.

### പരാജയത്തിന്റെ കാരണങ്ങൾ

യുദ്ധത്തിൽ മുസ്‌ലിംകൾക്ക് പരാജയം സംഭവിച്ചു. അതിനുള്ള കാരണങ്ങൾ പിന്നീട് സ്വഹാബിമാരെ പഠിപ്പിക്കും വിധം അല്ലാഹു ക്വുർആൻ സൂക്തങ്ങൾ ഇറക്കി. അവരിൽ വന്ന ചില അപാകതകളാണ് ഈ പരാജയത്തിന് കാരണമെന്ന് അല്ലാഹു ഇതിലൂടെ പഠിപ്പിക്കുകയായിരുന്നു.

"അല്ലാഹുവിന്റെ അനുമതി പ്രകാരം നിങ്ങളവരെ കൊന്നൊടുക്കിക്കൊണ്ടിരുന്നപ്പോൾ നിങ്ങളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവൻ സത്യം പാലിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾ ഭീരുത്വം കാണിക്കുകയും, കാര്യനിർവഹണത്തിൽ അന്യോന്യം പിണങ്ങുകയും, നിങ്ങൾ ഇഷ്ടപ്പെടുന്ന നേട്ടം അല്ലാഹു നിങ്ങൾക്ക് കാണിച്ചുതന്നതിന് ശേഷം നിങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്തപ്പോഴാണ് (കാര്യങ്ങൾ നിങ്ങൾക്കെതിരായത്). നിങ്ങളിൽ ഇഹലോകത്തെ ലക്ഷ്യമാക്കുന്നവരുണ്ട്. പരലോകത്തെ ലക്ഷ്യമാക്കുന്നവരും നിങ്ങളിലുണ്ട്. അനന്തരം നിങ്ങളെ പരീക്ഷിക്കുവാനായി അവരിൽ (ശത്രുക്കളിൽ) നിന്ന് നിങ്ങളെ അല്ലാഹു പിന്തിരിപ്പിച്ചുകളഞ്ഞു. എന്നാൽ അല്ലാഹു നിങ്ങൾക്ക് മാപ്പ് തന്നിരിക്കുന്നു. അല്ലാഹു സത്യവിശ്വാസികളോട് ഔദാര്യം കാണിക്കുന്നവനാകുന്നു" (ക്വുർആൻ 3:152).

മുസ്‌ലിംകൾക്ക് വിജയത്തെക്കുറിച്ചുള്ള വാഗ്ദാനം അല്ലാഹു നൽകിയിരുന്നു. അത് യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ ലഭിക്കുകയും ചെയ്തു. ആദ്യസമയത്ത് വല്ലാത്ത ഐക്യത്തിലും അനുസരണബോധത്തിലും അവർ നിലയുറപ്പിച്ചു പോരാടി. ആ സമയത്ത് അല്ലാഹു ചെയ്ത വാഗ്ദത്തം അവൻ നിറവേറ്റി. എന്നാൽ പിന്നീട് പരാജയം സംഭവിക്കാനുള്ള കാരണം എന്തായിരുന്നു? പിന്നീട് ഭിന്നിക്കുകയും മലമുകളിൽ നിറുത്തിയ അമ്പെയ്ത്തുകാരോട്, താഴെ പ്രതികൂലമായോ അനുകൂലമായോ എന്തുതന്നെ സംഭവിച്ചാലും അനുവാദം ലഭിക്കുംവരെ അവിടെ തന്നെ നിൽക്കണമെന്ന കൽപന നൽകിയിരുന്നു. അത് അവർ മറക്കുകയും അവരുടെ നേതാവിനോട് തർക്കിച്ച് അനുസരണക്കേട് കാണിച്ച് താഴെയിറങ്ങുകയും ചെയ്തു. താഴെയിറങ്ങാനുള്ള കാരണം ദുൻയാവിനോടുള്ള ഇഷ്ടമായിരുന്നു. അഥവാ ഗനീമത്ത് സ്വത്തിനോടുള്ള താൽപര്യമായിരുന്നു.

യുദ്ധത്തിന്റെ രണ്ടാം ഘട്ടത്തിൽ ശത്രുക്കളുടെ ഭാഗത്തായിരുന്നു വിജയം. അവർക്ക് മുസ്‌ലിംകളെ മുഴുവനും തുടച്ചുനീക്കുമാറ് നശിപ്പിക്കാമായിരുന്നു. എന്നാൽ അത് അവിടെ സംഭവിച്ചില്ല. അല്ലാഹു അവരെ മുസ്‌ലിംകളിൽനിന്ന് തിരിച്ചുവിടുകയാണ് ചെയ്തത്. വിജയം ഉറപ്പായപ്പോൾ വിജയഭേരി മുഴക്കി വേഗം യുദ്ധക്കളം വിടാനാണ് അവർ തുനിഞ്ഞത്. അത് അല്ലാഹു മുസ്‌ലിംകളോട് ചെയ്ത വലിയ കാരുണ്യവും അവർക്ക് ചെയ്ത വലിയ സഹായവും തന്നെയായിരുന്നു. അരുതാത്ത ചില നടപടികൾ സ്വഹാബിമാരിൽ ചിലരിൽനിന്ന് സംഭവിച്ചതിന് അല്ലാഹു അവർക്ക് മാപ്പ് കൊടുത്തതായി അറിയിക്കുകയും ചെയ്തു.

അല്ലാഹുവിന്റെയും റസൂലിന്റെയും കൽപന അനുസരിക്കുന്നിടത്താണ് അല്ലാഹുവിന്റെ സഹായം ലഭിക്കുക എന്ന വലിയ ഒരു സന്ദേശം ലോകമുസ്‌ലിംകൾക്ക് ഉഹ്ദ് യുദ്ധം നൽകുന്നുണ്ട്. ആർക്കെല്ലാം ഈ രംഗത്ത് അപാകതകൾ സംഭ



വിക്കുന്നുവോ അവർക്കെല്ലാം പരാജയവും നുണ യേണ്ടിവരും.

വിശ്വാസികളിൽനിന്ന് ഒരു വീഴ്ച വന്നതിന്റെ പേരിൽ പിന്നെയും അവരെ ആക്ഷേപിച്ച് ആയത്തുകൾ ഇറക്കുന്നതിന് പകരം അവരെ ആശ്വസിപ്പിക്കുന്ന വചനങ്ങളാണ് അല്ലാഹു അവതരിപ്പിച്ചത്. ഉഹ്ദ് യുദ്ധ ശേഷം വളരെ നിരാശപൂണ്ട സ്വഹാബിമാരെ അല്ലാഹു കൂടുതൽ ആശ്വസിപ്പിച്ച് അവർക്ക് കൂടുതൽ ഊർജം പകരുകയാണ് ചെയ്തത്. പരിഭ്രമിച്ചു നിൽക്കുന്ന വിശ്വാസികളെ അല്ലാഹു വീണ്ടും സഹായിച്ചു.

“പിന്നീട് ആ ദുഃഖത്തിനു ശേഷം അല്ലാഹു നിങ്ങൾക്കൊരു നിർഭയത്വം അഥവാ മയക്കം ഇറക്കിത്തന്നു. ആ മയക്കം നിങ്ങളിൽ ഒരു വിഭാഗത്തെ പൊതിയുകയായിരുന്നു. വേറെ ഒരു വിഭാഗമാകട്ടെ സ്വന്തം ദേഹങ്ങളെപ്പറ്റിയുള്ള ചിന്തയാൽ അസ്വസ്ഥരായിരുന്നു. അല്ലാഹുവെ പറ്റി അവർ ധരിച്ചിരുന്നത് സത്യവിരുദ്ധമായ അനിസ്‌ലാമിക ധാരണയായിരുന്നു. അവർ പറയുന്നു: കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവുമുണ്ടോ? (നബിയേ,) പറയുക: കാര്യമെല്ലാം അല്ലാഹുവിന്റെ അധീനത്തിലാകുന്നു. നിന്നോടവർ വെളിപ്പെടുത്തുന്നതല്ലാത്ത മറ്റെന്തോ മനസ്സുകളിൽ അവർ ഒളിച്ചുവെക്കുന്നു. അവർ പറയുന്നു: കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവുമുണ്ടായിരുന്നുവെങ്കിൽ നാം ഇവിടെവെച്ച് കൊല്ലപ്പെടുമായിരുന്നില്ല. (നബിയേ,) പറയുക: നിങ്ങൾ സ്വന്തം വീടുകളിൽ ആയിരുന്നാൽ പോലും കൊല്ലപ്പെടാൻ വിധിക്കപ്പെട്ടവർ തങ്ങൾ മരിച്ചുവീഴുന്ന സ്ഥാനങ്ങളിലേക്ക് (സ്വയം) പുറപ്പെട്ടു വരുമായിരുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു പരീക്ഷിച്ചറിയുവാൻ വേണ്ടിയും, നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകരിച്ചെടുക്കുവാൻ വേണ്ടിയുമാണിതെല്ലാം. മനസ്സുകളിലുള്ളതെല്ലാം അറിയുന്നവനാകുന്നു അല്ലാഹു” (ക്വുർആൻ 3:154).

വിശ്വാസികൾ ഉഹ്ദ് യുദ്ധത്തിലെ വീഴ്ചകൾ മനസ്സിലാക്കുകയും അതിലെ പരാജയകാരണം തങ്ങളുടെ തന്നെ ചെയ്തികളാണെന്ന് തിരിച്ചറിയകയും ചെയ്തു. അങ്ങനെ വ്യസനത്തോടെ നിൽക്കുകയാണ് സ്വഹാബിമാർ. യുദ്ധരംഗത്ത് ഉറച്ചുനിന്ന സ്വഹാബിമാർക്ക് ആ സമയത്ത് അല്ലാഹു ഒരു നിദ്രാമയക്കം നൽകുകയാണ്. അത് ഒരു അത്ഭുതമായിരുന്നു. യുദ്ധഭൂമിയിൽ വെച്ച് അവർ സുഖമായി മയങ്ങുന്നു. അല്ലാഹു ആ സമയത്ത് അവർക്ക് നൽകിയ ഒരു സഹായം തന്നെയായിരുന്നു അത്. അത് അനുഭവിച്ച അബൂത്വൽഹ(റ) പറയുന്നത് കാണുക:

“ഉഹ്ദ് ദിവസം മയക്കം പിടിപെട്ടവരിൽ ഞാനും ഉണ്ടായിരുന്നു. (അങ്ങനെ) എന്റെ വാൾ വീഴുന്നത് വരെ (ഞാൻ ഉറങ്ങി). പലതവണ അത് വീഴുന്നു, ഞാൻ എടുക്കുന്നു; അത് വീഴുന്നു, അപ്പോൾ ഞാൻ അത് എടുക്കുന്നു” (ബുഖാരി).

**വിശ്വാസികൾ ഉഹ്ദ് യുദ്ധത്തിലെ വീഴ്ചകൾ മനസ്സിലാക്കുകയും അതിലെ പരാജയകാരണം തങ്ങളുടെ തന്നെ ചെയ്തികളാണെന്ന് തിരിച്ചറിയകയും ചെയ്തു. അങ്ങനെ വ്യസനത്തോടെ നിൽക്കുകയാണ് സ്വഹാബിമാർ. യുദ്ധരംഗത്ത് ഉറച്ചുനിന്ന സ്വഹാബിമാർക്ക് ആ സമയത്ത് അല്ലാഹു ഒരു നിദ്രാമയക്കം നൽകുകയാണ്. അത് ഒരു അത്ഭുതമായിരുന്നു. യുദ്ധഭൂമിയിൽ വെച്ച് അവർ സുഖമായി മയങ്ങുന്നു. അല്ലാഹു ആ സമയത്ത് അവർക്ക് നൽകിയ ഒരു സഹായം തന്നെയായിരുന്നു അത്.**

ആ ഉറക്കം അവർക്ക് കൂടുതൽ ഉന്മേഷം ലഭിക്കാൻ കാരണമായി. യുദ്ധരംഗത്ത് ഉറച്ചുനിന്നവർക്ക് മാത്രമാണ് ഈ മയക്കം പിടിപെട്ടത്. യുദ്ധം കഴിഞ്ഞിട്ടും ചെറിയ കാപട്യത്തിന്റെ രോഗം പിടിപെട്ട ചിലർ പിന്നെയും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. നമുക്ക് മദീനയിൽതന്നെ നിന്നാൽ മതിയായിരുന്നു. പുറത്തേക്ക് പോരേണ്ടിയിരുന്നില്ല. ഈ മലയോരങ്ങളിൽ ആയതിനാലല്ലേ ശത്രുക്കൾക്ക് ഈ വിധത്തിൽ നമ്മെ പരാജയപ്പെടുത്താൻ സാധിച്ചത് എന്നിങ്ങനെ അവർ വിശ്വാസികളെ വേദനിപ്പിക്കും വിധം സംസാരിച്ചു. എന്നാൽ ഏതൊരു കാര്യവും തീരുമാനിക്കുന്നത് അല്ലാഹുവാണെന്നും, അവന്റെ തീരുമാനത്തെ ചോദ്യം ചെയ്യാൻ പാടില്ലെന്നും അറിയിച്ച് അവരുടെ സംസാരത്തിന് മറുപടിയും നൽകി.

ഉഹ്ദിൽ വലിയ സ്വഹാബിമാർ വധിക്കപ്പെട്ടതിനെക്കുറിച്ച് അവർ മുസ്‌ലിംകളോട് അടക്കംപറഞ്ഞു കൊണ്ടിരുന്നു. മദീനയിൽ വെച്ചായിരുന്നു ഇത് ഉണ്ടായിരുന്നതെങ്കിൽ ഈ അപകടം

നമുക്ക് പിണയുമായിരുന്നില്ല എന്നും അവർ പറഞ്ഞു. എന്നാൽ മരണം ഒരാളുടേത് അല്ലാഹു എങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരാൾക്കും അറിയാവതല്ലല്ലോ. അതൊന്നും എടുത്തു പറഞ്ഞ് നടക്കുന്നത് ഭൂഷണമല്ല. വിജയവും പരാജയവുമെല്ലാം അല്ലാഹു പരീക്ഷണമായി തരുന്നതാണ്. ആരെല്ലാം കൂടെയുണ്ടാകും, ആരെല്ലാം കൂടൊഴിയും എന്നെല്ലാം വേർതിരിച്ച് മനസ്സിലാക്കാനുള്ള ഒരു കാരണമാണ് ജയവും പരാജയവും.

വിശ്വാസികളെ പിന്നെയും അല്ലാഹു ആശ്വസിപ്പിച്ചുകൊണ്ടിരുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ (ചില) സത്യനിഷേധികളെപ്പോലെയാകരുത്. തങ്ങളുടെ സഹോദരങ്ങൾ യാത്രപോകുകയോ, യോദ്ധാക്കളായി പുറപ്പെടുകയോ ചെയ്തിട്ട് മരണമടയുകയാണെങ്കിൽ അവർ പറയും: ഇവർ ഞങ്ങളുടെ അടുത്തായിരുന്നെങ്കിൽ മരണപ്പെടുകയോ കൊല്ലപ്പെടുകയോ ഇല്ലായിരുന്നു. അങ്ങനെ അല്ലാഹു അത് അവരുടെ മനസ്സുകളിൽ ഒരു ഖേദമാക്കിവെക്കുന്നു. അല്ലാഹുവാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനുമത്രെ. നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെടുകയോ, മരണപ്പെടുകയോ ചെയ്യുന്നപക്ഷം അല്ലാഹുവിങ്കൽനിന്ന് ലഭിക്കുന്ന പാപമോചനവും കാരുണ്യവുമാണ് അവർ ശേഖരിച്ച് വെക്കുന്നതിനെക്കാളെല്ലാം ഗുണകരമായിട്ടുള്ളത്. നിങ്ങൾ മരണപ്പെടുകയാണെങ്കിലും കൊല്ലപ്പെടുകയാണെങ്കിലും തീർച്ചയായും അല്ലാഹുവിങ്കലേക്ക് തന്നെയാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത്" (ക്വുർആൻ 3:158).

ഉഹ്ദ് യുദ്ധത്തിൽ ധാരാളം സ്വഹാബിമാർ രക്തസാക്ഷികളായി. വധിക്കപ്പെട്ട ആ മഹാന്മാരുടെ മൃതശരീരത്തെ ശത്രുക്കൾ വകൃതമാക്കി. അത്രയും കടുത്ത പകയിലും വിദ്വേഷത്തിലുമായിരുന്നു അവർ ഉണ്ടായിരുന്നത്. ഹംസ‍യുടെ വയറ് കീറി ആന്തരികാവയവങ്ങൾ പുറത്തെടുത്ത് കടിച്ചുതുപ്പി. ചില സ്വഹാബിമാരുടെ കാതും മൂക്കും അരിഞ്ഞെടുത്ത് അവകൊണ്ട് മാലയുണ്ടാക്കി നൃത്തം ചെയ്തിരുന്നു എന്ന് ചരിത്രം നമുക്ക് അറിയിച്ചുതരുന്നുണ്ട്.

ഇത്തരം അസഹ്യമായ പല രംഗങ്ങൾക്കും ഉഹ്ദ് സാക്ഷിയായി. പരാജിതരായ മുസ്‌ലിംകൾ ഒരു വശത്ത് നിരാശരായി നിൽക്കുമ്പോൾ ശത്രുക്കളുടെ പടനായകൻ അബൂസുഫ്‌യാൻ വിജയഭേരി മുഴക്കി ഉഹ്ദിൽനിന്നും മടങ്ങുന്നു. അബൂസുഫ്‌യാന്റെ വിജയാഘോഷം എത്ര വൈകാരികമായിരുന്നു എന്നത് നമുക്ക് അദ്ദേഹത്തിന്റെ സംസാരത്തിൽനിന്നുതന്നെ മനസ്സിലാക്കാം. ആ സമയത്ത് അദ്ദേഹം ചില വെല്ലുവിളികൾ ഉയർത്തി:

'ഈ കൂട്ടത്തിൽ മുഹമ്മദ് ഉണ്ടോ?' മൂന്ന് തവണ (ഇത് ആവർത്തിച്ചു). അതിന് മറുപടി നൽകുന്നതിനെ തൊട്ട് നബിﷺ അവരെ വിലക്കി. പിന്നീട് അദ്ദേഹം ചോദിച്ചു: 'ഇബ്നു അബീ ക്വുഹാഫയുണ്ടോ ഈ കൂട്ടത്തിൽ?' മൂന്ന് തവണ (ഇതും ആവർത്തിച്ചു). പിന്നീട് അദ്ദേഹം ചോദിച്ചു: 'ഇബ്നുൽ ഖത്ത്വാബുണ്ടോ ഈ കൂട്ടത്തിൽ?' മൂന്ന് തവണ (ഇതും ആവർത്തിച്ചു). പിന്നീട് അദ്ദേഹം തന്റെ ആളുകളിലേക്ക് മടങ്ങി. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അല്ല, ഇക്കൂട്ടരെല്ലാം വധിക്കപ്പെട്ടിരിക്കുന്നു.' ആ സമയം ഉമറി‍ന് തന്നെ നിയന്ത്രിക്കാൻ സാധിച്ചില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ സത്യം, അല്ലാഹുവിന്റെ ശത്രുവേ, നീ കളവാണ് പറഞ്ഞത്. തീർച്ചയായും നീ എണ്ണിയവരെല്ലാവരും ജീവിച്ചിരിക്കുന്നവരാണ്. തീർച്ചയായും നിനക്ക് പ്രയാസം ഉണ്ടാക്കുന്ന അവരെല്ലാവരും നിനക്കായി അവശേഷിപ്പുണ്ട്.' അബൂസുഫ്‌യാൻ (വെല്ലുവിളി സ്വരത്തിൽ) പറഞ്ഞു: 'ബദ്ർ ദിനത്തിന് പകരമാണ് ഈ ദിവസം. (ഇപ്പോൾ) യുദ്ധം സമാസമമായിരിക്കുന്നു. തീർച്ചയായും നിങ്ങൾ (നിങ്ങളുടെ) ആളുകളെ വികൃതമാക്കിയത് കാണുന്നുണ്ടാകും. എന്നാൽ ഞാൻ അതിന് അവരോട് കൽപിച്ചതല്ല; എനിക്ക് അത് വിഷമമുണ്ടാക്കുന്നുമില്ല.' പിന്നീട് (അബൂസുഫ്‌യാൻ) മുദ്രാവാക്യം മുഴക്കി: 'ഹുബൽ ഏറ്റവും ഉന്നതനായിരിക്കുന്നു, ഹുബൽ ഏറ്റവും ഉന്നതനായിരിക്കുന്നു.' നബിﷺ ചോദിച്ചു: 'ഇതിന് നിങ്ങൾ മറുപടി നൽകുന്നില്ലേ?' അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ എന്താണ് പറയേണ്ടത്?' നബിﷺ പറഞ്ഞു: 'നിങ്ങൾ പറയുവിൻ: 'അല്ലാഹുവാണ് ഏറ്റവും ഉന്നതനും മഹാനും.' അബൂസുഫ്‌യാൻ പറഞ്ഞു: 'തീർച്ചയായും ഞങ്ങൾക്ക് 'ഉസ്സ'യുണ്ട്. നിങ്ങൾക്ക് 'ഉസ്സ'യില്ല.' അപ്പോൾ നബിﷺ പറഞ്ഞു: 'ഇതിന് നിങ്ങൾ മറുപടി നൽകുന്നില്ലേ?' അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ എന്താണ് പറയേണ്ടത്?' നബിﷺ പറഞ്ഞു: 'നിങ്ങൾ പറയുവിൻ: 'ഞങ്ങളുടെ രക്ഷാധികാരി അല്ലാഹുവാണ്. നിങ്ങൾക്ക് (ആ) രക്ഷാധികാരി ഇല്ലല്ലോ" (ബുഖാരി).

അബൂസുഫ്‌യാന്റെ വെല്ലുവിളിയും പരിഹാസവും മുസ്‌ലിംകളെ പ്രകോപിതരാക്കിയില്ല. പക്ഷേ,

ഉമർ ﷺ അടങ്ങിയിരുന്നില്ല. അദ്ദേഹം പ്രതികരിച്ചു: 'അബൂ സുഫ്‌യാൻ, താങ്കൾ പേരുവിളിച്ച എല്ലാവരും ഇവിടെ ജീവിച്ചിരിപ്പുണ്ട്.' അബൂ സുഫ്‌യാൻ വീണ്ടും പറയുന്നു: 'ബദ്‌റിൽ നിങ്ങൾ ഞങ്ങളെ പരാജയപ്പെടുത്തിയില്ലേ? അതിന് പകരമാണ് ഈ യുദ്ധം. ഇപ്പോൾ നമ്മൾ ഇരുകൂട്ടരും ജയത്തിലും തോൽവിയിലും സമരാണ്. ഈ യുദ്ധത്തിൽ നിങ്ങളുടെ ആളുകളുടെ ശരീരത്തെ ഞങ്ങളുടെ ആളുകൾ വെട്ടി വികൃതമാക്കിയിട്ടുണ്ട്. അതൊന്നും ഞാൻ അവരോട് കൽപിച്ചതല്ല. ബദ്‌റിലെ പരാജയത്തിന് പ്രതികാരമായി രോഷത്താൽ അവർ ചെയ്തതാണ്. ഞാൻ കൽപിച്ചിട്ട് ചെയ്തതല്ലെങ്കിലും അതിന്റെ പേരിൽ എനിക്ക്‌യാതൊരു വിഷമവും ഇല്ലതാനും.' ഉമർ ﷺ ആ സന്ദർഭത്തിൽ പ്രതികരിച്ചു: 'താങ്കൾ പറഞ്ഞത് പോലെ അത് ഒരിക്കലും സമമല്ല. കാരണം, ഞങ്ങളുടെ കൂട്ടത്തിൽ വധിക്കപ്പെട്ടവർ സ്വർഗത്തിലും നിങ്ങളുടെ കൂട്ടത്തിൽനിന്ന് വധിക്കപ്പെട്ടവർ നരകത്തിലുമാണ്. അതിനാൽ വധിക്കപ്പെട്ടവരുടെ കാര്യത്തിൽ ഒരിക്കലും ഇത് സമമല്ല.'

അബൂസുഫ്‌യാൻ നടത്തിയ വെല്ലുവിളിക്കും പരിഹാസങ്ങൾക്കുമൊന്നും നബി ﷺ മറുപടി നൽകാൻ സ്വഹാബിമാരെ പ്രേരിപ്പിച്ചില്ല. എന്നാൽ അബൂസുഫ്‌യാൻ ഹുബ്ൽ, ഉസ്സ എന്നീ വിഗ്രഹങ്ങളെ (മുശ്‌രിക്കുകൾ ആരാധിക്കുന്നവ) അല്ലാഹുവിനെക്കാൾ ഉന്നതരെന്നു വിശേഷിപ്പിച്ചപ്പോൾ നബി ﷺ ഇടപെട്ടു. അതിന് മറുപടി നൽകാനായി നബി ﷺ സ്വഹാബിമാരോട് കൽപിച്ചു. അല്ലാഹുവാണ് ഏറ്റവും ഉന്നതനെന്നും മഹാനെന്നും അവൻ ഞങ്ങളുടെ രക്ഷാധികാരിയാണെന്നും അല്ലാഹു നിങ്ങൾക്ക് രക്ഷ നൽകുന്നതല്ലെന്നും അവർ അബൂസുഫ്‌യാന് മറുപടി നൽകി.

ആദർശ സ്നേഹികൾ എതിരാളികൾ വ്യക്തിപരമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിന് മറുപടി നൽകാൻ കൂട്ടാക്കരുത്. എന്നാൽ ആദർശ വിഷയത്തിൽ ഒരു വിട്ടുവീഴ്ചക്കും മുതിരരുത്. ആദർശരാഹിത്യം അനുഭവിക്കുന്നവരാണ് വ്യക്തിഹത്യയിലൂടെ ഗ്രൗണ്ട് സപ്പോർട്ടിന് തുനിയുക. അക്കൂട്ടർക്ക് ആദർശം പറഞ്ഞ് ജയിക്കാൻ കഴിയില്ല. അതിനാൽ അവർ പരിഹസിച്ചും അവഹേളിച്ചും സംസാരിക്കും. അത് അവഗണിച്ച് ആദർശത്തെ സംരക്ഷിക്കുക എന്നതാണ് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്.

ഉഹ്ദിൽനിന്ന് മടങ്ങുന്ന വേളയിൽ അബൂസുഫ്‌യാൻ മറ്റൊരു വെല്ലുവിളിയും നടത്തിയിരുന്നു. 'ഇനിയും നമുക്ക് ബദ്‌റിൽ വെച്ച് കാണാം. അവിടെ വെച്ച് നിങ്ങളെ തുടച്ച് നീക്കുന്നതാണ്.' ആ വെല്ലുവിളി നബി ﷺ സ്വീകരിക്കുകയും ചെയ്തു. അബൂസുഫ്‌യാന്റെ വെല്ലുവിളി സ്വീകരിച്ച് നബി ﷺയും



വിശ്വാസികളും മദീനയിലേക്ക് മടങ്ങി. മടങ്ങുന്നതിന് മുമ്പായി ഉഹ്ദിന്റെ രണഭൂമിയിൽ രക്തസാക്ഷികളായി കിടക്കുന്ന മഹാരഥന്മാർ ഉണ്ടല്ലോ. അവരിൽ തിരിച്ചറിയാൻ കഴിയുന്നവരും തിരിച്ചറിയാൻ കഴിയാത്തവരും ഉണ്ടായിരുന്നു. ശരീരം വികൃതമാക്കപ്പെട്ട സ്വഹാബിമാർ; ഹംസ ﷺ, അനസ് ഇബ്നു നള്ർ ﷺ പോലെയുള്ളവർ.

മുസ്അബ് ഇബ്നു ഉമയ്ർ ﷺ ശുഹദാക്കളിൽ പ്രമുഖനാണ്. മക്കയിലെ ഉന്നത കുലത്തിൽ പെട്ട അദ്ദേഹം ഇസ്‌ലാമിലേക്ക് വരുന്നതിന് മുമ്പ് വലിയ സമ്പന്നനായിരുന്നു. രാവിലെ ഉടുത്ത വസ്ത്രം വൈകുന്നേരം ഉടുക്കാറില്ലായിരുന്നു. അദ്ദേഹം പുറത്തിറങ്ങിയാൽ എത്രയോ ദൂരത്തേക്ക് അദ്ദേഹം ഉപയോഗിച്ച അത്തറിന്റെ സുഗന്ധം അടിച്ചു വീശുമായിരുന്നു. എല്ലാ സൗകര്യങ്ങളും ഒഴിവാക്കിയാണ് അദ്ദേഹം മദീനയിലേക്ക് വന്നിരുന്നത്. എന്നാൽ ഉഹ്ദിൽ അദ്ദേഹം രക്തസാക്ഷിയായപ്പോൾ കഫൻ ചെയ്യാൻ പോലും തുണിയില്ലാത്ത ഒരു അവസ്ഥയിലായിരുന്നു. തല മറച്ചാൽ കാല് പുറത്ത് കാണുന്ന, കാലു മറച്ചാൽ തല പുറത്ത് കാണുന്ന അവസ്ഥ. അവസാനം തല മറച്ച് കാലിൽ മദീനയിൽ ധാരാളം ലഭിച്ചിരുന്ന ഇദ്ഖർ പുല്ല് വെച്ചുകെട്ടിയാണ് അദ്ദേഹത്തെ കഫൻ ചെയ്തത്.

ഹംസ ﷺയുടെ ഭൗതിക ശരീരം കണ്ട് നബി ﷺ കരഞ്ഞു. അത് അത്രയും വികൃതമാക്കപ്പെട്ട അവസ്ഥയിലായിരുന്നു. നബി ﷺ കരഞ്ഞുവെങ്കിലും ഇസ്‌ലാമിന്റെ വിധിവിലക്കുകളെ ലംഘിക്കുന്ന യാതൊരു സമീപനവും നബി ﷺയിൽ നിന്നും ഉണ്ടായില്ല. **(തുടരും)**

അബ്ദുർറഹ്മാൻ അബ്ദുല്ലത്വീഫ് പി.എൻ
pnabdumon@gmail.com

ലേഖനം




# മിഡിൽ ഈസ്റ്റ് തീവ്രവാദത്തിന് തുടക്കം കുറിച്ചതാര്?

**ലോ**കത്ത് എവിടെ ഭീകരാക്രമണങ്ങളും വിമാനറാഞ്ചലുകളും കൂട്ടക്കുരുതികളും നടന്നാലും അതിന് പിന്നിൽ മുസ്‌ലിംകളാണെന്ന് വിലയിരുത്തപ്പെടുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് നിലനിൽക്കുന്നുണ്ട്. തീവ്രവാദ പ്രവർത്തനങ്ങൾക്ക് മതത്തിന്റെ പിൻബലമില്ലെങ്കിലും അങ്ങനെ വിലയിരുത്തപ്പെടുന്നതിന് പിന്നിലുള്ള മാധ്യമ ഗൂഢാലോചനയും നിക്ഷിപ്ത താൽപര്യങ്ങളുമെല്ലാം സാമാന്യം വിവേകമുള്ളവർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. ഇസ്‌ലാമുമായി പുലബന്ധം പോലുമില്ലാത്ത ഐസിസ്, ഹിസ്ബുല്ല, അൽക്വാഇദ, താലിബാൻ തുടങ്ങിയ ഭീകരസംഘങ്ങൾ ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന അക്രമങ്ങളും ഇത്തരം പ്രചാരണങ്ങൾക്ക് ഊർജം പകരുന്നു. ഇവിടെ ചില വസ്തുതകൾ നാം പരിശോധിക്കേതുണ്ട്.

ഐസിസ് പോലുള്ള സംഘടനകൾ പുലർത്തിപ്പോരുന്ന രീതിശാസ്ത്രവും ആക്രമണ സ്വഭാവങ്ങളും എന്ന് മുതലാണ് ആരംഭിച്ചത്? ചാവേർ ആക്രമണങ്ങളും ഗറില്ലാ യുദ്ധമുറകളും ആരാണ് ഇസ്‌ലാമിന്റെ പറ്റിൽ ചേർക്കാൻ ശ്രമിച്ചത്?

Terrorism's Christian Godfather എന്ന തലക്കെട്ടിൽ 2008 ജനുവരി 28 തിങ്കളാഴ്ച അമേരിക്കയിലെ ടൈം മാഗസിൻ പ്രസിദ്ധീകരിച്ച ലേഖനത്തിൽ മിഡിൽ ഈസ്റ്റ് തീവ്രവാദത്തിന്റെ തലതൊട്ടപ്പനായി പരിചയപ്പെടുത്തുന്നത് ജോർജ് ഹബഷ് എന്ന വ്യക്തിയെ ആണ്. വിശ്വാസപരമായി അദ്ദേഹം ഒരു ഗ്രീക്ക് ഓർത്തോഡോക്സ് ക്രിസ്ത്യനായിരുന്നു. (ക്രൈസ്തവരെ അയാളുടെ ചെയ്തികളുടെ പേ

രിൽ കുറ്റപ്പെടുത്തുകയല്ല. അത്തരം പ്രവർത്തനങ്ങൾ അയാളുടെ മതവിശ്വാസപ്രകാരം അയാൾ ചെയ്തതായിരിക്കാൻ ഇടയില്ല. ഇസ്രയേൽ ഭീകരതക്കെതിരെ എന്ന പേരിൽ ഉയർന്നുവന്ന ഒരു വിപ്ലവകാരി എന്ന നിലയ്ക്കേ അയാളെ നാം കാണുന്നുള്ളൂ. പക്ഷേ, ഇസ്‌ലാമിക ചരിത്രത്തിൽനിന്നോ, മുസ്‌ലിംകളിൽനിന്നോ അല്ല ലോകത്ത് ചാവേർ ആക്രമണങ്ങളും ഗറില്ലായുദ്ധമുറകളും ഉണ്ടായത് എന്ന് മനസ്സിലാക്കാൻ വേണ്ടിയാണ് ഇത് ഇവിടെ ഉദ്ധരിച്ചത്).

പോപ്പുലർ ഫ്രണ്ട് ഫോർ ദി ലിബറേഷൻ ഓഫ് പാലസ്തീൻ (PFLP) എന്ന ജോർജ് ഹബഷിന്റെ പാർട്ടിയാണ് സത്യത്തിൽ മിഡിൽ ഈസ്റ്റ് ടെററിസത്തിന്റെ ഭാഗമായി വിമാനറാഞ്ചലും ചാവേറാക്രമണവുമെല്ലാം തുടങ്ങിവച്ചത്. 1968ൽ PFLPയുടെ മൂന്ന് സായുധരായ പ്രവർത്തകർ റോമിൽനിന്ന് ഇസ്രയേലിലേക്കുള്ള ഇസ്രയേൽ വിമാനം റാഞ്ചിയതാണ് തുടക്കം. തുടർന്ന് ഒട്ടനേകം തീവ്രവാദ പ്രവർത്തനങ്ങൾക്ക് PFLP നേതൃത്വം നൽകി. 1970ൽ ഒരേസമയം നാല് വിമാനങ്ങൾ ജഎഘജ റാഞ്ചുകയുണ്ടായി. മൂന്നെണ്ണം ജോർദാനിലേക്ക് പറത്തുകയും അവ ബോംബുവെച്ച് തകർക്കുകയും ചെയ്തു. അതുവഴി ജോർദാനിലെ ഹാഷിമിയ ഭരണകൂടവുമായും PFLP ഒളിപ്പോർ ആരംഭിച്ചു. ഇടത് നിരീശ്വരവാദ തീവ്രവാദ പ്രസ്ഥാനങ്ങളുമായും ഇയാൾ അടുത്ത ബന്ധം പുലർത്തിയിരുന്നു. കമ്യൂണിസ്റ്റ് തീവ്രവാദ സേനയായ 'ജാപനീസ് റെഡ് ആർമി' ഇയാളുടെ തീവ്രവാദ പ്രവർത്തനങ്ങളെ ആശയപരമായും സായുധപരമായും അകമഴിഞ്ഞ് പിന്തുണച്ചിരുന്നു. 1972ൽ ഇസ്രയേലിലെ (ഇപ്പോൾ ബെൻഗുരിയൻ എയർപോർട്ട് എന്നറിയപ്പെടുന്ന ലുദ്ദ് എയർപോർട്ടിൽ വെച്ച് PFLPയും ജാപ്പനീസ് റെഡ് ആർമിയും ചേർന്ന് 24 പേരെ ദാരുണമായി വധിച്ചു. ഇതെല്ലാം പരിശോധി ച്ചാൽ മിഡിൽ ഈസ്റ്റിൽ ഗറില്ല യുദ്ധവും ചാവേർ ആക്രമണവും സാധാരണക്കാർക്ക് നേരെയുള്ള ഒളിയാക്രമണവുമെല്ലാം ആരംഭിച്ചത് മുസ്‌ലിംകളല്ലന്നും അവയ്ക്ക് ഇസ്‌ലാമിന്റെ സംസ്‌കാരവുമായി ഒരു ബന്ധവുമില്ലെന്നും മനസ്സിലാക്കാം.


മിഡിൽ ഈസ്റ്റ് തീവ്രവാദം രണ്ട് ധ്രുവങ്ങളിലാണ് കുടികൊള്ളുന്നത്. ഒന്ന് ഒരു ജനതയെ അന്യാധീനപ്പെടുത്തിയ, തീർത്തും അന്യായമായ ഇസ്രയേൽ കുടിയേറ്റം, രണ്ട് അതിനെ ചെറുത്ത് നിൽക്കാനെന്നോണം രൂപീകരിക്കപ്പെട്ട ചില സംഘടനകൾ. ഈ രണ്ട് വിഭാഗങ്ങളാണ് മിഡിൽ ഈസ്റ്റിൽ ചാവേർ ആക്രമണങ്ങൾക്കും തീവ്രവാദ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചത്. മിഡിൽ ഈസ്റ്റിലെ എണ്ണസമ്പുഷ്ടവും സാമ്പത്തികമായി ഏറെ ഉയർന്നുനിൽക്കുന്നതുമായ ഇസ്‌ലാമിക രാഷ്ട്രങ്ങളുടെ ഉറക്കം കെടുത്തുക, അവയുടെ സമാധാനം നശിപ്പിക്കുക, സുരക്ഷക്ക് ഇളക്കം തട്ടിക്കുക തുടങ്ങിയ ഒരുപാട് തന്ത്രങ്ങൾ ഈ രണ്ട് ചേരികളെ സൃഷ്ടിച്ചതിന് പിന്നിലുണ്ട്. ഒന്നാം ലോകമഹായുദ്ധത്തിന്റെയും രണ്ടാം ലോകമഹായുദ്ധത്തിന്റെയും കാരണക്കാരായ ചില നിക്ഷിപ്ത താൽപര്യക്കാർ തന്നെയാണ് ഇതിനു പിന്നിലും പ്രവർത്തിച്ചത് എന്ന് രേഖകൾ സൂചിപ്പിക്കുന്നു. അത് കൃത്യമായി അറിയാൻ ഫ്രീമേസൺ ചിന്താധാരയുടെ കുപ്രസിദ്ധ വക്താവായിരുന്ന ആൽബർട്ട് പൈക്ക് 1871 ആഗസ്റ്റ് 15ന് ഇറ്റാലിയൻ പൊളിറ്റീഷ്യനായ സേപ്പ് മാസ്സീനിക്ക് എഴുതിയ മൂന്നാം ലോകമഹായുദ്ധങ്ങളെ പ്ലാൻ ചെയ്യുന്ന കത്തിന്റെ ഉള്ളടക്കം പരിശോധിച്ചാൽ മതി. ഈ കത്ത് ഇന്നും ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. മൂന്നാം ലോകമഹായുദ്ധം മിഡിൽ ഈസ്റ്റ് കേന്ദ്രീകരിച്ച് രൂപപ്പെടുത്തുക എന്ന അവരുടെ കുതന്ത്രത്തിന്റെ ഫലമായാണ് ഇസ്രയേൽ എന്ന രാജ്യത്തിന്റെ രൂപീകരണം തന്നെ! 'ന്യൂ വേൾഡ് ഓർഡർ ഫാക്റ്റ്സ് ആൻഡ് ഫിക്ഷൻ' എന്ന മാർക്ക് ഡയസിന്റെ പുസ്തകത്തിൽ ആ കാര്യങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ഐസിസ്, അൽഖാഇദ, ഹിസ്ബുല്ല, താലിബാൻ തുടങ്ങിയവയെ രൂപപ്പെടുത്തുന്നതിൽ ആരൊക്കെ പങ്ക് വഹിച്ചു എന്നത് ആർക്കുമറിയാവുന്ന വസ്തുതയാണ്. അവരുപയോഗിക്കുന്ന ആയുധങ്ങൾ, അവർക്ക് ലഭിക്കുന്ന സ്ട്രാറ്റജിക്കൽ സപ്പോർട്ട്, മുസ്‌ലിം രാഷ്ട്രങ്ങളെ കുട്ടിച്ചോറാക്കുന്നതിൽ അവ വഹിക്കുന്ന പങ്ക്, എണ്ണസമൃദ്ധമായ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പാശ്ചാത്യർക്കുള്ള കണ്ണ് എന്നിവയെല്ലാം അത് വിളിച്ചുപറയുന്നു.

ഏതായിരുന്നാലും നിരപരാധികളെ കൊന്നൊടുക്കുന്ന, റയിൽവേ സ്‌റ്റേഷനുകളിലും ബസ് സ്‌റ്റേഷനുകളിലും പൊതുനിരത്തുകളിലും സാധാരണ ജനങ്ങളെ അറുകൊല ചെയ്യുന്ന, സ്ത്രീകളെന്നോ കുട്ടികളെന്നോ വൃദ്ധരെന്നോ പരിഗണിക്കാതെ അക്രമം അഴിച്ചുവിടുന്ന, മുസ്‌ലിംകളുമായി സമാധാനത്തോടെ പരസ്പര ധാരണപ്രകാരം ജീവിക്കുന്ന ഇതരമത വിശ്വാസികളെ നിഷ്‌കരുണം വധിക്കുന്ന, എന്തിനധികം അല്ലാഹുവിന് ആരാധനയർപ്പിക്കപ്പെടുന്ന പള്ളികളിൽ പോലും സ്‌ഫോടനങ്ങൾ നടത്തുന്നവ വ്യക്തികളുമായോ ഇത്തരം തീവ്രവാദ സംഘങ്ങളുമായോ പരിശുദ്ധ ഇസ്‌ലാമിന് യാതൊരു ബന്ധവുമില്ല. അവയുടെ ചരിത്രം മുഹമ്മദ് നബിﷺയിലേക്കോ ഇസ്‌ലാമിലേക്കോ എത്തുകയുമില്ല. മറിച്ച് അത് ചെന്നെത്തുന്നത് ജോർജ് ഹബഷിലേക്കും ജാപ്പനീസ് റെഡ് ആർമിയിലേക്കുമൊക്കെയായിരിക്കും. നല്ല സമീപനവും ഗുണകാംക്ഷയുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇസ്‌ലാമിനെ മനസ്സിലാക്കേണ്ടത് ഇസ്‌ലാമിക പ്രമാണങ്ങളിൽനിന്നുമാണ്.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

ലേഖനം



# സ്വാതന്ത്ര്യം: അർഥവും ആശയവും

സ്വാതന്ത്ര്യം ഓരോ മനുഷ്യന്റെയും തേട്ടമാണ്. പാരതന്ത്ര്യത്തിന്റെയും അടിമത്തത്തിന്റെയും വിലയറിഞ്ഞവർക്കേ സ്വാതന്ത്ര്യത്തിന്റെ മൂല്യം മനസ്സിലാവുകയുള്ളൂ. ഒരാൾക്ക് ഇഷ്ടമുള്ള രീതിയിൽ പ്രവർത്തിക്കാനോ സംസാരിക്കാനോ ചിന്തിക്കാനോ ഉള്ള അധികാരത്തിനോ അവകാശത്തിനോ ആണ് സ്വാതന്ത്ര്യം എന്ന് വിളിക്കുന്നത്. തടവിലാക്കപ്പെടുകയോ അടിമയാക്കപ്പെടുകയോ ചെയ്യാത്ത അവസ്ഥയെയും സ്വാതന്ത്ര്യം എന്ന് വിശേഷിപ്പിക്കുന്നു. അതുകൊണ്ടുതന്നെ സ്വാതന്ത്ര്യം ദൈവികമായ അനുഗ്രഹമായിട്ടാണ് വിലയിരുത്തപ്പെടേണ്ടത്.

### മനുഷ്യൻ സ്വതന്ത്രൻ

ഭൂമിയിൽ മനുഷ്യൻ പിറന്നുവീഴുന്നത് സ്വതന്ത്രരായിട്ടാണ്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ പ്രാഥമികമായ അടയാളം മനുഷ്യന്റെ ശുദ്ധപ്രകൃതിയാണ്. മുഹമ്മദ് നബിﷺ പറഞ്ഞപോലെ ഓരോ മനുഷ്യനും ഭൂമിയിൽ പിറന്നുവീഴുന്നത് ദൈവം നൽകിയിട്ടുള്ള ശുദ്ധമായ പ്രകൃതിയോടെയാണ്. ശുദ്ധവായു ശ്വസിക്കുന്നത് പോലെ, സ്രഷ്ടാവ് നൽകിയ ശുദ്ധപ്രകൃതിയിൽ ജീവിതാന്ത്യം വരെ നിലനിൽക്കാൻ സാധിക്കുകയെന്നതാണ് സ്വാതന്ത്ര്യം കൊണ്ട് ഇസ്‌ലാം ലക്ഷ്യമാക്കുന്നത്. സ്വാതന്ത്ര്യം മനുഷ്യനന്മയെയാണ് പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യന് ദോഷകരവും വിനാശകരവുമായ കാര്യങ്ങൾ സ്വാതന്ത്ര്യത്തിന്റെ പ്രതിഫലനങ്ങളെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്.

### സ്വാതന്ത്ര്യത്തിന്റെ ശരിയും തെറ്റും

മനുഷ്യസ്വാതന്ത്ര്യം സ്രഷ്ടാവ് രൂപപ്പെടുത്തിയ പ്രകൃതി വ്യവസ്ഥക്ക് വിധേയമാണെന്ന യാഥാർഥ്യം ബോധ്യപ്പെടുക എന്നതാണ് ഒരു മനുഷ്യനുണ്ടാവേണ്ട ആദ്യത്തെ തിരിച്ചറിവ്. അതുകൊണ്ടുതന്നെ ഗുണപ്രദമായ സ്വാതന്ത്ര്യവും ഹാനികരമായ സ്വാതന്ത്ര്യവും ഉണ്ട് എന്നത് അംഗീകരിക്കപ്പെടണം. ഒരാൾക്ക് ഒരു ബഹുനില കെട്ടിടത്തിന്റെ മുകളിൽനിന്ന് താഴോട്ട് ചാടാനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ, അത് സ്രഷ്ടാവ് നിശ്ചയിച്ച ശുദ്ധമായ പ്രകൃതിവ്യവസ്ഥക്ക് വിരുദ്ധമാണ്. അത് ഹാനികരവും നിരോധിക്കപ്പെട്ടതുമാണ്. അനുവദിക്കപ്പെട്ടതും ഗുണപ്രദവുമായ സ്വാതന്ത്ര്യത്തിന്റെ ഗണത്തിൽ അതു വരില്ല. നന്മയായിരിക്കണം യഥാർഥ സ്വാതന്ത്ര്യത്തിന്റെ അന്തിമഫലമെന്ന യാഥാർഥ്യമാണ് ഇത് ബോധ്യപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ സത്യവും ധർമവും നീതിയുമായിരിക്കണം സ്വാതന്ത്ര്യത്തിന്റെ അവിഭാജ്യഘടകങ്ങൾ. ഇങ്ങനെയുള്ള ഘടകങ്ങളാൽ മാത്രം നിർമിക്കപ്പെട്ടതായിരിക്കണം സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ഏതൊരു സമൂഹത്തിന്റെയും ഭരണഘടനയും നിയമങ്ങളും.

### സ്വാതന്ത്ര്യം ഹനിക്കുന്നത് മഹാപാതകം

സ്രഷ്ടാവ് മനുഷ്യന് അനുവദിച്ച നന്മയിലധിഷ്ഠിതമായ സ്വാതന്ത്ര്യത്തെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത് എന്ന കാര്യമാണ് മുകളിൽ വിവരിച്ചത്. ഈ സ്വാതന്ത്ര്യം സ്രഷ്ടാവ് നൽകിയതാണെങ്കിൽ അതിനെ ഹനിക്കുവാൻ ഒരാൾക്കും അവകാശമില്ല. മറ്റുള്ളവരുടെ അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിക്കുകയോ മറ്റുള്ളവരെ കേൾക്കാൻ തയ്യാറാവാതിരിക്കുകയോ ചെയ്യുന്നത് ക്വുർആൻ ഒട്ടും അംഗീകരിക്കുന്നില്ല. പ്രവാചകന്റെ അഭിപ്രായസ്വാതന്ത്ര്യത്തെ മക്കയിലെ പ്രമുഖർ ഹനിക്കുകയും പ്രവാചകന്റെ ഉപദേശങ്ങളെയോ ക്വുർആനിക വചനങ്ങളെയോ കേൾക്കുന്നതിൽനിന്നും ജനങ്ങളെ തടയുകയും ചെയ്തപ്പോഴാണ് 'സംസാരം ശ്രദ്ധിച്ചു കേൾക്കുകയും അവയിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്കാണ് സന്തോഷവാർത്ത. അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത്. അവർ തന്നെയാകുന്നു ബുദ്ധിമാൻമാർ' (39:18) എന്ന ക്വുർആൻ വചനം അവതരിക്കപ്പെട്ടത്. മതവും വിശ്വാസവും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഓരോരുത്തരുടെയും ഗ്രാഹ്യതക്കനുസരിച്ചാണ് എന്നതാണ് ക്വുർആനിക വീക്ഷണം. മതം അടിച്ചേൽപിക്കപ്പെടേണ്ടതല്ലെന്നും ക്വുർആൻ പറയുന്നു: "ജനങ്ങൾ ആകമാനം സത്യവിശ്വാസികളാകുവാൻ അവരെ നിർബന്ധിപ്പിക്കാൻ പാടില്ല' എന്നും അങ്ങനെ എല്ലാവരും വിശ്വാസികൾ ആവണമെങ്കിൽ 'നിന്റെ രക്ഷിതാവ് അങ്ങനെ ഉദ്ദേശിച്ചാൽ മതിയല്ലോ' (ആശയം 10:99) എന്നും ക്വുർആൻ ചോദിക്കുന്നു.

> **മനുഷ്യസ്വാതന്ത്ര്യം സ്രഷ്ടാവ് രൂപപ്പെടുത്തിയ പ്രകൃതി വ്യവസ്ഥക്ക് വിധേയമാണെന്ന യാഥാർഥ്യം ബോധ്യപ്പെടുക എന്നതാണ് ഒരു മനുഷ്യനുണ്ടാവേണ്ട ആദ്യത്തെ തിരിച്ചറിവ്. അതുകൊണ്ടുതന്നെ ഗുണപ്രദമായ സ്വാതന്ത്ര്യവും ഹാനികരമായ സ്വാതന്ത്ര്യവും ഉണ്ട് എന്നത് അംഗീകരിക്കപ്പെടണം. ഒരാൾക്ക് ഒരു ബഹുനില കെട്ടിടത്തിന്റെ മുകളിൽനിന്ന് താഴോട്ട് ചാടാനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ, അത് സ്രഷ്ടാവ് നിശ്ചയിച്ച ശുദ്ധമായ പ്രകൃതിവ്യവസ്ഥക്ക് വിരുദ്ധമാണ്. അത് ഹാനികരവും നിരോധിക്കപ്പെട്ടതുമാണ്. അനുവദിക്കപ്പെട്ടതും ഗുണപ്രദവുമായ സ്വാതന്ത്ര്യത്തിന്റെ ഗണത്തിൽ അതു വരില്ല. നന്മയായിരിക്കണം യഥാർഥ സ്വാതന്ത്ര്യത്തിന്റെ അന്തിമഫലമെന്ന യാഥാർഥ്യമാണ് ഇത് ബോധ്യപ്പെടുത്തുന്നത്.**

## മർദിതരുടെ വിമോചനവും ക്വുർആനും

'ഞങ്ങളുടെ നാട്ടിൽനിന്ന് നിങ്ങളെ ഞങ്ങൾ പുറത്താക്കുകതന്നെ ചെയ്യും. അല്ലാത്ത പക്ഷം നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചുവന്നേ തീരൂ' (ക്വുർആൻ 14:13). പ്രവാചകന്മാരോട് സ്വന്തം നാട്ടുകാർ പറഞ്ഞിരുന്ന വാചകമാണിത്. സ്വന്തം ആദർശത്തെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തിനെതിരെയുള്ള നിലപാട് മാനവവിരുദ്ധമാണെന്നാണ് ക്വുർആൻ ഇതുവഴി ബോധ്യപ്പെടുത്തുന്നത്. ഇങ്ങനെ അകാരണമായി നാടുകടത്തപ്പെടുകയോ അടിച്ചമർത്തപ്പെടുകയോ ചെയ്യുന്നവരുടെ വിമോചനത്തിൽ അധിഷ്ഠിതമായ സ്വാതന്ത്ര്യത്തിന് വേണ്ടി പ്രയത്നിക്കാനാണ് ക്വുർആൻ ആഹ്വാനം ചെയ്യുന്നത്. 'ഞങ്ങളുടെ നാഥാ, അക്രമികൾ അധിവസിക്കുന്ന ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും, ഒരു രക്ഷാധികാരിയെയും ഒരു സഹായിയെയും ഞങ്ങൾക്ക് നീ നിശ്ചയിച്ച് തരികയും ചെയ്യേണമേ എന്ന് പ്രാർഥിച്ച് കൊണ്ടിരിക്കുന്ന മർദിച്ചൊതുക്കപ്പെട്ട പുരുഷൻമാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾക്കെന്തുകൊണ്ട് പോരാടിക്കൂടാ?' (ക്വുർആൻ 4:75).

സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട് പതിതരായി കഴിഞ്ഞിരുന്ന ബനൂ ഇസ്റാഈലിന്റെ വിമോചനത്തിന് വേണ്ടികൂടി ശബ്ദിച്ചിരുന്ന പ്രവാചകനായിരുന്നു മൂസാനബിﷺ. ജനങ്ങളെ ഭിന്നിപ്പിച്ച് കക്ഷികളാക്കി അവരെ അടക്കിവാണുകൊണ്ട് ഔന്നത്യം നടിച്ചിരുന്ന ഫിർഔനിന്റെ നടപടികളെ അപലപിച്ചുകൊണ്ടുള്ള ഈ വചനം സ്വാതന്ത്ര്യത്തിന്റെ ദൈവിക ദർശനത്തെയാണ് വരച്ചുകാണിക്കുന്നത്. 'ഭൂമിയിൽ അടിച്ചമർത്തപ്പെട്ട ദുർബലരോട് ഔദാര്യം കാണിക്കുവാനും, അവരെ നേതാക്കളാക്കുവാനും, അവരെ നാടിന്റെ അവകാശികളാക്കുവാനുമാണ് നാം ഉദ്ദേശിക്കുന്നത്' (ക്വുർആൻ 28:46). മൂസാനബിയിലൂടെ സ്വാതന്ത്ര്യത്തിന്റെ സുന്ദരമായ ആശയം അല്ലാഹു നടപ്പാക്കുകയും ചെയ്തു.

## അധിനിവേശം സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റം

ഒരു രാജ്യത്തിനുമേൽ മറ്റൊരു രാജ്യമോ വിഭാഗമോ നേടുന്ന അധീശത്വത്തിന് രണ്ടുവിധത്തിലുള്ള ഫലങ്ങളാണുണ്ടാവാറുള്ളത്. അനൈക്യം കാരണം ഛിന്നഭിന്നമായി കിടന്നിരുന്ന സമൂഹങ്ങളെ ഒന്നിപ്പിക്കുകയും അവർക്ക് സ്വാതന്ത്ര്യത്തിന്റെ ഏറ്റവും നല്ല മാർഗം തെളിയിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് ഗുണകാംക്ഷികളായി കടന്നുവന്നിട്ടുള്ള ഭരണാധികാരികളുണ്ട്. ഇന്ത്യയുടെയും കേരളത്തിന്റെതന്നെയും സാമൂഹികാവസ്ഥകളെ സ്വാതന്ത്ര്യപരവും പുരോഗമനപരവുമാക്കുന്നതിൽ  അത്തരം വൈദേശിക ഭരണസമൂഹങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രദേശത്തിന്റെ സമ്പദ്വ്യവസ്ഥയെയും പ്രകൃതിയെയും കൊള്ളയടിക്കുകയും അവയെ കോളനികളാക്കി ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയും അവരെ അടിമകളാക്കുകയും ചെയ്യുന്ന അധിനിവേശമാണ് എക്കാലവും ലോകത്ത് ദുർബലരെയും അഭയാർഥികളെയും സൃഷ്ടിച്ചിട്ടുള്ളത്. പാരതന്ത്ര്യത്തിന്റെ നുകം പേറി ജീവിതം തള്ളിനീക്കുന്ന പീഡിതസമൂഹത്തിന്റെ കൂടെയാണ് ക്വുർആൻ നിലയുറപ്പിച്ചിട്ടുള്ളത്. അധിനിവേശത്തെ കുറിച്ച് ക്വുർആൻ പറയുന്നത് ഇങ്ങനെയാണ്: 'തീർച്ചയായും രാജാക്കൻമാർ (അധിനിവേശ ശക്തികൾ) ഒരു നാട്ടിൽ കടന്നാൽ അവർ അവിടെ നാശമുണ്ടാക്കുകയും അവിടത്തുകാരിലെ പ്രതാപികളെ നിന്ദ്യന്മാരാക്കുകയും ചെയ്യുന്നതാണ്' (ക്വുർആൻ 27:34).

## അധിനിവേശകരുടെ പിന്മാറ്റമല്ല സ്വാതന്ത്ര്യം

അധിനിവേശം അവസാനിച്ചതുകൊണ്ട് ഒരു രാജ്യവും സ്വതന്ത്രമായി എന്നു കരുതാവുന്നതല്ല. ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യം അവിടുത്തെ ജനതക്ക് അത് സ്വാതന്ത്ര്യമായി അനുഭവപ്പെടുമ്പോഴാണ് യാഥാർഥ്യമാകുന്നത്. സൈദ്ധാന്തികമായ പിരിമുറുക്കങ്ങൾ സൃഷ്ടിച്ചുകൊണ്ടും ജനങ്ങളെ



ഭയചകിതരാക്കിയും ജനങ്ങൾ ആഗ്രഹിക്കാത്ത ഒരു ഭരണകൂടം വന്നതുകൊണ്ട് അവിടെ ഇസ്ലാം മുമ്പോട്ടുവെച്ച ഗുണപ്രദമായ സ്വാതന്ത്ര്യം ഉണ്ടായിത്തീരുന്നില്ല. രാജ്യത്തിന്റെയും രാജ്യക്കാരുടെയും ഭൗതികവും സാംസ്കാരികവുമായ പുരോഗതി ലക്ഷ്യമാക്കിയും സ്ത്രീകൾ അടക്കമുള്ള ജനങ്ങളുടെ സ്വൈര്യവിഹാരത്തിന് കോട്ടം തട്ടാതെയും സാംസ്കാരികവും സദാചാരപരവുമായ ഭദ്രത ഉറപ്പുവരുത്തിക്കൊണ്ടുമുള്ള ഭരണകൂടമാണ് ഉണ്ടായിത്തീരേണ്ടത്.

## സ്വാതന്ത്ര്യത്തിന്റെ ഇസ്ലാമികമാനം

സ്വാതന്ത്ര്യത്തിനായി ദാഹിച്ച്, പീഡനങ്ങൾ സഹിച്ച് ജീവിച്ചിരുന്ന പ്രവാചക സമൂഹത്തെ കുറിച്ച് പറയുന്ന ക്വുർആനികവചനത്തിൽ ഇതിനെ സംബന്ധിച്ച സൂചനകൾ കാണാം. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്' എന്നു പറഞ്ഞതല്ലാതെ മറ്റൊരു കാരണവും കൂടാതെ തങ്ങളുടെ ഭവനങ്ങളിൽനിന്ന് പുറത്താക്കപ്പെട്ടിട്ടുള്ളവരത്രെ അവർ. മനുഷ്യരിൽ ചിലരെ ചിലരെക്കൊണ്ട് അല്ലാഹു പ്രതിരോധിച്ചില്ലായിരുന്നുവെങ്കിൽ ദൈവനാമം ധാരാളമായി കീർത്തിക്കപ്പെടുന്ന പല സന്യാസി മഠങ്ങളും, ക്രിസ്തീയ ദേവാലയങ്ങളും, ജൂതദേവാലയങ്ങളും, മുസ്ലിംപള്ളികളും പൊളിച്ചു തകർക്കപ്പെടുമായിരുന്നു. മാത്രമല്ല, ഭൂമിയിൽ അവർക്ക് നാം സ്വാധീനം നൽകിയാൽ അവർ നമസ്കാരം നിലനിറുത്തുകയും, സകാത്ത് കൊടുക്കുകയും, സദാചാരത്തിന് കൽപിക്കുകയും, ദുരാചാരത്തെപ്പറ്റി വിരോധിക്കുകയും ചെയ്യുന്നവരാണവർ' (22:41,42).

ഒരുകാലത്ത് സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്ന ആളുകൾക്ക് ഭൂമിയിൽ സ്വാതന്ത്ര്യം ലഭിച്ച് അധികാരം ലഭിച്ചുകഴിഞ്ഞാൽ ജനങ്ങളെ ഒന്നായിക്കാണുകയും സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള ബാധ്യതകൾ നിർവഹിക്കുകയും ജനങ്ങളെ സാംസ്കാരികമായും സാമൂഹികമായും ഉയർത്തിക്കൊണ്ടുവരികയും ചെയ്യുക എന്ന സ്വാതന്ത്ര്യത്തിന്റെ ഉദാത്തമായ ലക്ഷ്യങ്ങൾ അവർ നിറവേറ്റുകയാണ് വേണ്ടതെന്നാണ് ഈ സൂക്തം വ്യക്തമാക്കുന്നത്.

## സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്ന മുസ്ലിം സമൂഹം

സ്വാതന്ത്ര്യം ഓരോ മനുഷ്യന്റെയും മൗലികാവകാശമാണ്. അത് വകവെച്ചുകൊടുക്കാൻ നേതൃത്വത്തിലിരിക്കുന്നവർക്ക് സാധിക്കുമ്പോഴാണ് അത് ദൈവികാധ്യാപനങ്ങൾക്ക് അനുസൃതമായ സ്വാതന്ത്ര്യമാകുന്നത്. മുസ്ലിംകൾ വിവിധ സംഘങ്ങളും സംഘടനകളും കക്ഷികളും വിഭാഗങ്ങളുമെല്ലാം ആയിത്തീരാനുള്ള പ്രധാനകാരണം അഭിപ്രായ സ്വാതന്ത്ര്യത്തെ കുറിച്ചുള്ള കാഴ്ചപ്പാടിന്റെ പോരായ്മയാണ്. വിരുദ്ധമായ അഭിപ്രായം ആരെങ്കിലും വെച്ചുപുലർത്തിയാൽ അയാളെ തന്റെ സംഘത്തിന്റെ അതിരുകളിൽനിന്നും പുറത്താക്കുക എന്ന, പ്രവാചകൻ പഠിപ്പിക്കാത്ത, ഇസ്ലാമികമല്ലാത്ത ശൈലി മുസ്ലിം സമൂഹത്തിൽ വ്യാപിച്ചതാണ് സ്വാതന്ത്ര്യത്തിന്റെ നീരുറവ വറ്റിപ്പോയ വിഭാഗങ്ങളായി പല മുസ്ലിം സമൂഹങ്ങളും മാറുവാനുണ്ടായ കാരണം. കലഹപ്രിയരായ ഒരു കൂട്ടത്തിന് സ്വാതന്ത്ര്യമോ അധികാരമോ ലഭിച്ചതുകൊണ്ട് കാര്യമില്ല. മുറുകെപ്പിടിക്കാൻ ക്വുർആൻ നിർദേശിച്ച പാശം മുറുകെപ്പിടിച്ചുകൊണ്ട് ഒരു മനസ്സും ശരീരവുമായി പ്രവർത്തിക്കുമ്പോൾ മാത്രമാണ് സ്വാതന്ത്ര്യം സാർഥകമായിത്തീരുന്നത്.

**സ്വാതന്ത്ര്യം ഓരോ മനുഷ്യന്റെയും മൗലികാവകാശമാണ്. അത് വകവെച്ചുകൊടുക്കാൻ നേതൃത്വത്തിലിരിക്കുന്നവർക്ക് സാധിക്കുമ്പോഴാണ് അത് ദൈവികാധ്യാപനങ്ങൾക്ക് അനുസൃതമായ സ്വാതന്ത്ര്യമാകുന്നത്. മുസ്ലിംകൾ വിവിധ സംഘങ്ങളും സംഘടനകളും കക്ഷികളും വിഭാഗങ്ങളുമെല്ലാം ആയിത്തീരാനുള്ള പ്രധാന കാരണം അഭിപ്രായ സ്വാതന്ത്ര്യത്തെ കുറിച്ചുള്ള കാഴ്ചപ്പാടിന്റെ പോരായ്മയാണ്. വിരുദ്ധമായ അഭിപ്രായം ആരെങ്കിലും വെച്ചുപുലർത്തിയാൽ അയാളെ തന്റെ സംഘത്തിന്റെ അതിരുകളിൽനിന്നും പുറത്താക്കുക എന്ന, പ്രവാചകൻ പഠിപ്പിക്കാത്ത, ഇസ്ലാമികമല്ലാത്ത ശൈലി മുസ്ലിം സമൂഹത്തിൽ വ്യാപിച്ചതാണ് സ്വാതന്ത്ര്യത്തിന്റെ നീരുറവ വറ്റിപ്പോയ വിഭാഗങ്ങളായി പല മുസ്ലിം സമൂഹങ്ങളും മാറുവാനുണ്ടായ കാരണം.**

'സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം'
(കുമാരനാശാൻ)

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്ക് ഒരാമുഖം

24

നാൽപത്തി ഏഴ്: തീർച്ചയായും 'ദിക്ർ' ഹൃദയത്തിനുള്ള ശമനവും ദിവ്യൗഷധവുമാണ്. ദിക്റിൽ നിന്ന് അകന്നുകൊണ്ടുള്ള അശ്രദ്ധ(ഗഫ്ലത്ത്)യാകട്ടെ അതിന്റെ രോഗവുമാണ്. അതിനാൽ രോഗാതുരമായ മനസ്സുകൾക്കുള്ള ശമനവും ദിവ്യൗഷധവും അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റിലാണുള്ളത്.

മക്ഹൂൽ﵁ പറഞ്ഞു: 'അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ (ദിക്ർ) രോഗശമനവും (അത് വിട്ടുകൊണ്ടുള്ള) ജനങ്ങളെക്കുറിച്ചുള്ള കുറിച്ചുള്ള സ്മരണ രോഗവുമാണ്' (ബൈഹകി മുർസലായ രൂപത്തിലും

മർഫൂആയ രൂപത്തിലും മക്ഹൂലിൽനിന്ന് ഇത് ഉദ്ധരിക്കുന്നുണ്ട്).

(ഇബ്നു ഔനിന്റെ വാക്കുകളായി ബൈഹകി 'ശുഅബുൽ ഈമാനി'ൽ ഇത് ഉദ്ധരിക്കുന്നുണ്ട്. ഇമാം ദഹബി 'സിയറു അഅ്ലാമി'ൽ ഇത് ഉദ്ധരിച്ചശേഷം അനുബന്ധമായി ഇപ്രകാരം കുറിക്കുന്നു: 'അല്ലാഹുവാണെ സത്യം! നമ്മുടെ അത്ഭുതം നമ്മുടെ അജ്ഞതയെക്കുറിച്ചാണ്. നാം മരുന്ന് ഉപേക്ഷിക്കുകയും രോഗത്തിനായി തിരക്കു കൂട്ടുകയും ചെയ്യുകയല്ലേ?- കുറിപ്പുകാരൻ).

ഹൃദയം അല്ലാഹുവിനെ സ്മരിക്കുകയാണെങ്കിൽ അതിന് ശമനവും സൗഖ്യവുമുണ്ടാകും. അതല്ല, പ്രസ്തുത സ്മരണയിൽനിന്നകന്ന് അശ്രദ്ധയിലാവുകയാണെങ്കിൽ നേരെ വിപരീതമായിരിക്കും.

"ഞങ്ങൾ രോഗാവസ്ഥയിലായാൽ നിന്നെക്കുറിച്ചുള്ള ദിക്റുകൊണ്ട് ഞങ്ങൾ ചികിത്സിക്കും. എന്നാൽ ചിലപ്പോൾ ഞങ്ങൾ ആ ദിക്ർ കയ്യൊഴിക്കുമ്പോൾ കാര്യങ്ങൾ നേരെ തിരിച്ചുമാകും." (ഇബ്നുൽ ക്വയ്യിമിന്റെ തന്നെ വരികളായിരിക്കാം ഇത്. മദാരിജുസ്സാലികീനിലും അദ്ദേഹം ഇത് ഉദ്ധരിക്കുന്നുണ്ട്- കുറിപ്പുകാരൻ)

നാൽപത്തിയെട്ട്: തീർച്ചയായും ദിക്ർ അല്ലാഹുവിന്റെ സ്നേഹത്തിന്റെയും അടുപ്പത്തിന്റെയും അടിസ്ഥാനമാണ്. എന്നാൽ ദിക്റിൽനിന്ന് അകന്നുകൊണ്ടുള്ള അശ്രദ്ധ (ഗഫ്ലത്ത്) അവന്റെ അനിഷ്ടത്തിന്റെയും ശത്രുതയുടെയും മൂലകാരണമാണ്. ഒരു അടിമ തന്റെ രക്ഷിതാവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നിടത്തോളം അവൻ അയാളെ ഇഷ്ടപ്പെടുകയും അടുപ്പം പുലർത്തുകയും ചെയ്യുന്നതാണ്. എന്നാൽ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്നകന്ന് അശ്രദ്ധനായി കഴിയുന്നത്രയും അവൻ അയാളെ വെറുക്കുകയും ശത്രുത പുലർത്തുകയും ചെയ്യും.

ഔസാഈ(റഹി) പറയുന്നു; ഹസ്സാനുബ്നു അത്വിയ്യ(റഹി) പറഞ്ഞു: "അല്ലാഹുവിനെ സ്മരിക്കുന്നതിനെയും അവനെ സ്മരിക്കുന്നവരെയും വെറുക്കുന്നതിനെക്കാൾ ശക്തമായ ഒന്നുകൊണ്ടും ഒരാളും തന്റെ രക്ഷിതാവിനോടു അകൽച്ചയും ശത്രുതയും പ്രകടമാക്കുന്നില്ല" (ബൈഹകി ശുഅബുൽ ഈമാനിൽ ഉദ്ധരിച്ചത്).

ഈ ശത്രുതയുടെയും അകൽച്ചയുടെയും കാരണം ദിക്റിൽനിന്ന് അകന്നുകൊണ്ടുള്ള അശ്രദ്ധയാണ്. അത് അയാളിൽ നിലനിൽക്കുകയും ശക്തിപ്പെടുകയും ചെയ്യുമ്പോൾ അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റിനെയും ദിക്ർ ചെയ്യുന്നവരെയും അയാൾ വെറുക്കുന്ന സ്ഥിതിയിലെത്തും. അപ്പോൾ അല്ലാഹു അയാളെ ശത്രുവായിട്ട് കാണും, അവനെ ദിക്ർ ചെയ്യുന്നവനെ അടുത്തബന്ധുവും ഇഷ്ടക്കാരനുമായി കാണുന്നതുപോലെ.

നാൽപത്തിയൊമ്പത്: അല്ലാഹുവിനെക്കുറിച്ചുള്ള ദിക്ർ പോലെ അവന്റെ അനുഗ്രഹങ്ങൾ കൊണ്ടുവന്ന് തരാനും അവന്റെ ശിക്ഷയെ തടുക്കാനും പറ്റിയ മറ്റൊന്നുമില്ല. ദിക്ർ അനുഗ്രഹങ്ങളെ വിളിച്ചു കൊണ്ടുവരുന്നതും ശിക്ഷകളെ ശക്തമായി പ്രതിരോധിക്കുന്നതുമാണ്.

അല്ലാഹു പറയുന്നു: "നിശ്ചയം അല്ലാഹു സത്യവിശ്വാസികൾക്ക് പ്രതിരോധം ഏർപ്പെടുത്തുന്നതാണ്" (ക്വുർആൻ 22:38).

അല്ലാഹു സത്യവിശ്വാസികൾക്ക് ഏർപ്പെടുത്തുന്ന പ്രതിരോധം അവരുടെ ഈമാനിന്റെ ശക്തിയും പൂർണതയും അനുസരിച്ചായിരിക്കും. ഈമാനിന്റെ ഘടകവും അതിന്റെ ശക്തിയും അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റിൽ ആണ്. അതിനാൽ ഏതൊരാൾ ഏറ്റവും പൂർണതയുള്ള ഈമാനിന്റെയും ഏറ്റവും



'നിനക്ക് നന്മ ചെയ്യുന്നതിൽനിന്ന് ഒരിക്കലും അശ്രദ്ധനാകാത്തവനെ (അഥവാ അല്ലാഹുവിനെ) സ്മരിക്കുന്നതിൽനിന്നുള്ള അശ്രദ്ധയെക്കാൾ മോശപ്പെട്ട ഒന്നുമില്ല' (ബൈഹക്വി 'ശുഅബുൽ ഈമാനി'ൽ ഉദ്ധരിച്ചത്).

അൻപത്: തീർച്ചയായും ദിക്ർ അത് നിർവഹിക്കുന്നവർക്ക് അല്ലാഹുവിന്റെയും മലക്കുകളുടെയും സ്വലാത്ത് അനിവാര്യമാക്കുന്നതാണ്. അല്ലാഹുവും അവന്റെ മലക്കുകളും ആർക്കുവേണ്ടി സ്വലാത്ത് ചെയ്യുന്നുവോ ഉറപ്പായും അയാൾ എല്ലാ വിജയവും കരസ്ഥമാക്കുകയും സർവ നേട്ടങ്ങളും കൈവരിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ. അവൻ നിങ്ങളുടെമേൽ സ്വലാത്ത് ചൊരിയുന്നവനാകുന്നു. അവന്റെ മലക്കുകളും (കരുണകാണിക്കുന്നു). അന്ധകാരങ്ങളിൽനിന്ന് നിങ്ങളെ വെളിച്ചത്തിലേക്ക് ആനയിക്കുന്നതിന് വേണ്ടിയത്രെ അത്. അവൻ സത്യവിശ്വാസികളോട് അത്യന്തം കരുണയുള്ളവനാകുന്നു" (ക്വുർആൻ 33:41-43).

(അല്ലാഹുവിന്റെ സ്വലാത്ത് എന്നതുകൊണ്ട് വിവക്ഷിക്കുന്നത് വാനലോകത്ത് മലക്കുകൾക്കിടയിൽ അല്ലാഹു അയാളെ പ്രശംസിച്ചു പറയും എന്നതാണ്. മലക്കുകളുടെ സ്വലാത്തുകൊണ്ട് അർഥമാക്കുന്നത് അവർക്കുവേണ്ടി മലക്കുകൾ അല്ലാഹുവിനോടു നടത്തുന്ന പ്രാർഥനയുമാണ് -വിവർത്തകൻ).

അല്ലാഹുവിന്റെയും അവന്റെ മലക്കുകളുടെയും ഈ സ്വലാത്ത് അല്ലാഹുവിനെ ധാരാളമായി പ്രകീർത്തിച്ചവർക്കാണ് കിട്ടുക. ഈ സ്വലാത്താണ് അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് അവരെ വഴിനടത്താൻ നിമിത്തമായത്. അല്ലാഹുവിൽനിന്നും അവന്റെ മലക്കുകളിൽനിന്നും പ്രസ്തുത സ്വലാത്ത് ലഭിക്കുകയും ഇരുട്ടുകളിൽനിന്നും പ്രകാശത്തിലേക്ക് അവർ കൊണ്ടുവരപ്പെടുകയും ചെയ്താൽ പിന്നെ അവർക്ക് കിട്ടാത്തതായി എന്ത് നന്മയാണ് വേറെയുണ്ടാവുക? ഏത് ദോഷമാണ് അവരിൽ നിന്ന് നീങ്ങിപ്പോകാത്തതായുണ്ടാവുക?

ഹാ, പടച്ച റബ്ബിനെക്കുറിച്ചുള്ള ദിക്റിൽനിന്ന് അകന്നുകൊണ്ട് അശ്രദ്ധയിൽ കഴിയുന്നവരുടെ കഷ്ടമേ...! അവന്റെ നന്മയിൽനിന്നും ഔദാര്യത്തിൽനിന്നും എന്തുമാത്രമാണവർക്ക് നഷ്ടമാകുന്നത്! അല്ലാഹുവാണ് ഉദവിയേകുന്നവർ.

**(തുടരും)**

അധികരിച്ച ദിക്റിന്റെയും വക്താവാകുന്നുവോ അതനുസരിച്ച് അല്ലാഹു അയാൾക്ക് ഏർപ്പെടുത്തുന്ന സുരക്ഷയും പ്രതിരോധവും ഏറ്റവും മഹത്തരമായിരിക്കും. കുറവിനനുസരിച്ച് കുറയുകയും ചെയ്യും. സ്മരണയക്ക് സ്മരണയും മറവിക്ക് അവഗണനയും.

അല്ലാഹു പറയുന്നു: "നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചുതരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)" (ക്വുർആൻ 14:7).

മുമ്പ് നാം പറഞ്ഞതു പോലെ ദിക്റാണ് നന്ദിയുടെ പ്രധാന ഭാഗം. നന്ദിയാകട്ടെ അനുഗ്രഹങ്ങളെ കൊണ്ടുവരുന്നതും അതിന്റെ വർധനവ് അനിവാര്യമാക്കുന്നതുമാണ്. സച്ചരിതരായ മുൻഗാമികളിൽ ചിലർ ഇപ്രകാരം പറയുമായിരുന്നു:



ടി.കെ.അശ്‌റഫ്
tkashraf100@gmail.com



# പ്രണയക്കുരുതിയുടെ കാരണം കണ്ടെത്തി ചികിത്സിക്കണം

പ്രണയപ്പകയിൽ കേരളത്തിൽ വീണ്ടുമൊരു കൊലപാതകം കൂടി സംഭവിച്ചിരിക്കുന്നു! പെട്രോളൊഴിച്ചും സ്‌ഫോടക വസ്തു ഉപയോഗിച്ചും കത്തികൊണ്ട് കുത്തിയും വെടിയുതിർത്തുമെല്ലാം പ്രണയ നൈരാശ്യത്തിന്റെ പേരിൽ കൊലപാതകങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്.

ഓരോ സംഭവം കഴിയുമ്പോഴും അതിന്റെ നീറുന്ന കാഴ്ചകൾ മാധ്യമങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുമ്പോൾ ഇനിയാരും ഇത്തരം കൊടുംക്രൂരതയ്ക്ക് മുതിരില്ലെന്നാണ് സമൂഹം വിചാരിക്കാറുള്ളത്. എന്നാൽ അത്തരം പ്രതീക്ഷകളെയെല്ലാം തകർത്തുകൊണ്ട് വീണ്ടും അതിക്രൂരമായ വഴികളിലൂടെ കൊലകൾ ആവർത്തിക്കുന്നതായാണ് നാം കാണുന്നത്.

കൗമാരക്കാർ ഇത്തരം ദുരന്തങ്ങളിലേക്ക് എത്തിച്ചേരുന്നതിന്റെ മൗലിക കാരണം കണ്ടെത്താൻ ഇനിയും വൈകിക്കൂടാ. സിനിമകളും സീരിയലുകളും നൽകുന്ന വികലമായ വിവാഹ വീക്ഷണങ്ങൾ മുന്നിൽ വെച്ചാണ് കൗമാരപ്രായക്കാർ പ്രണയത്തിലേക്ക് എടുത്തുചാടുന്നത്. സങ്കൽപങ്ങളിൽനിന്ന് യാഥാർഥ്യങ്ങളിലേക്ക് എത്തുമ്പോൾ പലരും കണ്ടെത്തിയ ജീവിതപങ്കാളി തനിക്ക് യോജിച്ചതല്ലെന്ന് തിരിച്ചറിയുന്നു. അതോടെ പിൻമാറാൻ ശ്രമിക്കുന്നു. മറ്റെയാൾക്ക് അത് ഉൾക്കൊള്ളാൻ കഴിയാതെ വരുന്നു. അതോടെ അവർ പോലും വിചാരിക്കാത്ത അനർഥങ്ങൾ സംഭവിക്കുകയും ചെയ്യുന്നു.

വിവാഹത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടില്ലാത്ത പ്രായത്തിൽ സ്ത്രീ സ്വാതന്ത്ര്യത്തിന്റെയും ലിംഗ സമത്വത്തിന്റെയും പെരുമ്പറ മുഴക്കി പ്രണയത്തെ മഹത്ത്വവത്കരിക്കുന്ന പൊതുബോധത്തെയാണ് ആദ്യം ചികിത്സിക്കേണ്ടത്.

വിവാഹമെന്നത് കുട്ടികളോ രക്ഷിതാക്കളോ തനിച്ച് തീരുമാനിക്കേണ്ട ഒരു വിഷയമല്ല. മക്കൾക്കും രക്ഷിതാക്കൾക്കും തുല്യമായ പങ്കാളിത്തം അതിലുണ്ടാവണം. മക്കളുടെ അനുവാദമില്ലാതെ വിവാഹം ഉറപ്പിക്കുന്നത് പോലെ അന്യായമായ ഒന്നാണ് കുടുംബത്തിന്റെ ഇടപെടലും സമ്മതവുമില്ലാതെ കുട്ടികൾ വൈകാരികമായി എത്തിച്ചേരുന്ന ബന്ധങ്ങൾ.

പോറ്റിവളർത്തിയ മാതാപിതാക്കൾക്ക് തണലാകേണ്ട മക്കൾ വിവാഹത്തോടെ സ്വന്തം കുടുംബവുമായുള്ള ബന്ധം ഉപേക്ഷിച്ചു പോകേണ്ടിവരുന്ന സാഹചര്യം എത്രമാത്രം ക്രൂരമാണ്! മാതാപിതാക്കളും കുടുംബവും പുതുതലമുറയുടെ വികാരങ്ങളറിയാൻ സാധിക്കാത്ത പ്രാകൃത കാലത്തെ ഒരുതരം ജീവികളാണെന്ന കാഴ്ചപ്പാട് വളർത്തിയെടുക്കും വിധമാണ് മീഡിയകളും സിനിമകളും പൊതുബോധം രൂപപ്പെടുത്തുന്നത്.

നൈമിഷികമായ വികാര ശമനത്തിനായി വലയൊരുക്കി കാത്തിരിക്കുന്നവരുടെ കെണിയിലകപ്പെട്ട മക്കൾക്ക് രക്ഷിതാക്കൾ നൽകുന്ന ഉപദേശങ്ങൾക്ക് ഫലപ്രാപ്തിയില്ലാതെ പോകുന്നത് രക്ഷിതാക്കളെക്കുറിച്ച് നേരത്തെ രൂപപ്പെടുത്തിയ തെറ്റായ പൊതുബോധം കാരണത്താലാണ്.

പക്വതയെത്താത്ത പ്രായത്തിൽ മുളപൊട്ടുന്ന പ്രണയത്തിന്റെ നാമ്പുകൾ തുടക്കത്തിലേ നുള്ളിക്കളയാൻ ആർജവമുള്ള ഒരു തലമുറയെ വളർത്തിയെടുക്കാൻ നാം തയ്യാറായാലേ പ്രണയക്കുരുതികൾ അവസാനിപ്പിക്കാനാവൂ.

ക്യാമ്പസ് കാലം പഠനത്തിനുള്ളതാണ്. കുടുംബങ്ങൾ കൂടയാലോചിച്ച് എടുക്കുന്ന തീരുമാനത്തിലൂടെ മാത്രമെ വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയുള്ളൂവെന്ന തീരുമാനത്തിലേക്കും തിരിച്ചറിവിലേക്കും പുതുതലമുറയെ എത്തിക്കാൻ സാധിക്കണം. ഈ നിലപാടിനെ പിന്തിരിപ്പൻ കാഴ്ചപ്പാടായി മുദ്രകുത്താനാണ് ശ്രമമെങ്കിൽ കഴുത്തറുത്തും കത്തിച്ചും പ്രണയപ്പക തീർക്കുന്ന കാഴ്ചകൾ ഇനിയും കാണേണ്ടി വരും.

ഉസ്മാൻ പി എച്ച്, തിരുവിഴാംകുന്ന്
mail@nerpatham.com

കവിത

# വീട് പൊളിക്കുമ്പോൾ

വീട് പൊളിക്കുമ്പോൾ
കല്ലും മരവും
കഴുക്കോലുകളും മാത്രമല്ല
പൊളിഞ്ഞുവീഴുന്നത്.
ഓർമകളുടെ നിഴൽവീണ മുറ്റം
വർഷങ്ങളുടെ കാൽപാടുകൾ
പതിഞ്ഞ നടപ്പുവഴി
ഉമ്മമാരുടെ വിയർപ്പും
കണ്ണീരും വീണ അടുക്കള
ആണുങ്ങളുടെ സ്വരമുയർന്ന ഉമ്മറം
എത്രയോ നിശ്വാസങ്ങൾ
തേങ്ങലുകൾ, ചിരി,
ഇണക്കങ്ങൾ, പിണക്കങ്ങൾ,
പ്രണയം, വാത്സല്യം,
പരിഭവങ്ങൾ, വിശപ്പ്,
സ്വപ്നങ്ങൾ, സ്നേഹം,
കണ്ണീര്,
എല്ലാമെല്ലാം അടക്കിപ്പിടിച്ച
അകമുറികൾ...



അനുഭവങ്ങളുടെ ഒരു ലോകം
ഭൂമിയിൽനിന്ന്
ഇല്ലാതാവുകയാണ്.
അതിന്റെ അവസാന
അവശേഷിപ്പുകൾ കൂടി
കാലത്തിൽ
അലിഞ്ഞു ചേരുമ്പോൾ
ജീവിതത്തിൽനിന്ന്
ഒരു ഘട്ടം
തിരശ്ശീലക്ക് പിന്നിൽ മറയും.
പക്ഷേ,
ആർക്ക് മായ്ക്കാനാകും
മനസിന്റെ ചുവരിൽ
ഒരിക്കലും മായാത്ത
മഷികൊണ്ടു വരച്ച
വർണ ചിത്രങ്ങളെ?
ആർക്ക് തകർക്കാനാകും
ഉള്ളിൽ ഓർമകളുടെ
കല്ലുകൾകൊണ്ട് പടുത്തുവെച്ച
വീടിനെ?
എങ്ങനെ മറക്കാനാകും
വീടൊളിപ്പിച്ച രഹസ്യങ്ങളെ
കണ്ണീരിനെ
ചിരിയെ
അത് തന്ന സുരക്ഷയെ
സുഖങ്ങളെ...?
വീട് പൊളിക്കുമ്പോൾ
ഉള്ളിലുയരുന്നു
അതേ കൽപടവുകൾ,
വെയിൽ വീണ മുറ്റം
വാതിൽ
അകത്തളം
അടുക്കള
അതേ വീട്...!

wisdomyouth

നാം എല്ലാ നേരവും വയറ് നിറച്ച്
വിഭവസമൃദ്ധമായ ഭക്ഷണം
കഴിക്കുമ്പോൾ ആഹാരത്തിനായി
കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം

WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

**WISDOM ISLAMIC YOUTH ORGANIZATION,**
**C.V.COMPLEX, P.V.SWAMI ROAD, CALICUT**

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 OCTOBER 09

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID **fcbiztvnx4y@freecharge**

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm